ഇവിടത്തെ വനങ്ങളെ സംരക്ഷിക്കുന്നതിന് പാശ്ചാത്യരാജ്യങ്ങളിൽ പോയി പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും അവർയാതൊരു പരിഷ്കാരവും ചെയ്തിട്ടില്ലഎന്നുള്ളതു് സ്പഷ്ടമാണ്. ഈ വനങ്ങളിലുള്ള മുളമുതലായ വ്യവസായപരമായിട്ടു ഉപയോഗപ്പെടുത്താവുന്ന സാധനങ്ങൾ കാലാകാലത്തുള്ള അനപേക്ഷണക്കുറവു നിമിത്തം തീപിടിച്ചു് നശിച്ചുപോകുന്നുണ്ട്. ഇതിൽ നിന്നും ആദായം കിട്ടത്തക്കവണ്ണമുള്ള ഒരു പദ്ധതി ഡിപ്പാർട്ടുമെൻറിൽ നിന്നും രൂപീകരിക്കേണ്ടതാണ്.

ജപ്പാൻ മുതലായ രാജ്യങ്ങളിൽ നിന്ന് ഈ രാജ്യത്തിലേക്ക് നല്ല വിദഗ്ധന്മാരെ വരുത്തിത്താമസിപ്പിക്കണം. അവരെക്കൊണ്ടു് ശരിയായ വ്യവസായങ്ങൾ നടപ്പിൽ വരുത്തിക്കണം. ജനങ്ങൾ അതുകണ്ടു് ആ മാർഗ്ഗത്തിൽ പ്രവർത്തിച്ചുതുടങ്ങുമ്പോൾ രാജ്യത്തിന്റെ ശ്രേയസ്സു വളരെ വർദ്ധിക്കും. ഈവക ആവശ്യത്തിനു് മൂലധനത്തിൽ നിന്നും ഒരു തുക മുടക്കുന്നപക്ഷം ഇവിടെ എന്തെല്ലാം വ്യവസായങ്ങൾ നടത്താൻ കഴിയും എന്നുശരിയായ സ്വരൂപം ഉണ്ടാകും. തീപ്പെട്ടി വ്യവസായം തന്നേ ഇവിടെഎത്രഭംഗിയായിട്ടു് നടത്താം. കടലാസിനുപയുക്തമായ പേപ്പർപൾപ്പ് എത്ര ലഘുവായും സുലഭമായും ഉണ്ടാക്കാമെന്നുള്ളതു ഗവണ്മെൻറു ശ്രദ്ധിച്ചിട്ടേ ഇല്ലാ.

വനം വക ഡിപ്പാർട്ടുമെൻറിൽ നിന്നു് ഒരുതുക ആണ്ടുതോറും വരുന്നതായി കാണുന്നു. അതിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു് ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. നാട്ടിൻ പുറങ്ങളിലുള്ള കുടിവക പുരയിടങ്ങളിൽ നില്ക്കുന്നതേക്കു് ഈട്ടി മുതലായവൃക്ഷം അല്ലെങ്കിൽ രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കി അതിൽ നിന്നും കിട്ടുന്ന ആദായം കൂടി ചേർത്തിട്ടാണു് ഇപ്പോഴത്തെ ഫാറസ്റ്റ് റവന്യൂ ആയിട്ടു് കാണിക്കുന്നതു്. അഞ്ചോ ആറോവർഷം കഴിയുമ്പോൾ കുടിവക പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങളിൽ നിന്നും കിട്ടുന്ന ആദായം കുറഞ്ഞുപോകും. പിന്നീടു തുച്ഛമായ ഒരുതുകയെ കാണുകയുള്ളൂ. അതിൽനിന്നും കിട്ടുന്ന ആദായം കൊണ്ടു് ആ ഡിപ്പാർട്ടുമെൻറിനെ സംരക്ഷിക്കാൻപോലും മതിയാകാതെ വരുന്നതു് കഷ്ടമല്ലെ. രാജ്യത്തിലെ മൂന്നിലൊരുഭാഗമുള്ള വനങ്ങളിൽ പ്രവേശിക്കുന്നതിനു് ഒരുമൈൽ ദൂരത്തേക്കു റോഡില്ല. സ്ഥിതിവിവരണക്കണക്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഫാറസ്റ്റ് റോഡുകൾ എന്ന തലക്കെട്ടിൽ ഒരു ഭാഗം കാണുന്നുണ്ട്. അതുകൊണ്ട് ഫാറസ്റ്റ് റോഡുകൾ വേണം എന്ന ഗവണ്മെൻറിനു വിചാരമുള്ളതായി തോന്നുന്നു. എന്നാൽ എത്ര മൈൽ നീളം റോഡുണ്ടെന്ന് നോക്കിയതിൽ കണ്ടതു് പൂജ്യമാണു്. വിദഗ്ധതയോടുകൂടി വനം ഭരിക്കുന്നപക്ഷം ഇപ്പോഴത്തെ ആദായം വർദ്ധിപ്പിച്ചുകൊണ്ടു പോകാൻ സാധിക്കുന്നതാണു്. അതാണു് ചെയ്യേണ്ടതും. കൂടി പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങളെ കൂടികൾക്ക് തന്നെ വിട്ടുകൊടുക്കണമെന്നുള്ള ജനപ്രതിനിധികളുടെ അഭിലാഷം അവർ ഒരു പ്രമേയം ഈ കൌൺസിലിൽ പാസാക്കി പ്രകാശിപ്പിച്ചിട്ടുണ്ടു്. അതിന്മേൽ ഗവണ്മെൻറു് എന്തു ചെയ്യാൻ പോകുന്നു എന്നു് എനിക്കറിഞ്ഞുകൂടാ എങ്കിലും അതിൽപിന്നീടു കൂടിവകപുരയിടങ്ങളിൽനിന്നു ചെറുതരം വൃക്ഷങ്ങൾകൂടി മുറിച്ചുകൊണ്ടുപോകുന്നതിൽ ഡിപ്പാർട്ടുമെൻറുകാർ ശ്രദ്ധകാണിക്കുന്നു എന്നിവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. പ്രമേയത്തിൻെറ തത്വം ഗവണ്മെൻറു് അംഗീകരിക്കുമ്പോഴേക്കു കൂടിവക പുരയിടങ്ങളിൽ തടികൾ ശേഷിക്കുകയില്ല എന്നാണു് വരുന്നതു്. ഇതു് അഭിലഷണീയമായ നയമല്ല.

പ്രാദേശികാവശ്യങ്ങൾക്കു് മതിയാകാവുന്നതായ തുക ഓരോ എക്സിക്യൂട്ടീവ് ഡിവിഷനിലേക്കും അനുവദിക്കണം. പൊതുമരാമത്തു് ഡിപ്പാർട്ടുമെൻറിലെ വേലകൾ മുഴുവനും കൺട്രാക്ടു് കൊടുത്താണു് ഇപ്പോൾ ചെയ്യിക്കുന്നതു്. ഒരുമേലനേഷണം മാത്രമെ ഈ ഉദ്യോഗസ്ഥന്മാർക്കുള്ളൂ. അതിനാൽ അവർക്കു് വേണ്ടിടത്തോളം വേലകൾ കൊടുക്കണം.

ആകെ വരവിൽ അഞ്ചിലൊരു ഭാഗം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു ചിലവാക്കിവരുന്നു എന്നു് ഞാൻ മുമ്പു് പറഞ്ഞല്ലൊ. ഇങ്ങനെയാരാളം പണം ചിലവു ചെയ്തുകൊണ്ടിരിക്കുന്നതായ ഒരു ഡിപ്പാർട്ടുമെൻറു് ഏതെല്ലാം വിധത്തിൽ പരിഷ്കരിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് വിദഗ്ധന്മാരോടു് ആലോചിച്ചു് പ്രവർത്തിക്കേണ്ടതാണു്. ഇന്നത്തെ ഇൻഡ്യൻഡയറക്ടർ ഭരണം കയ്യേറ്റതിൽ പിന്നീടു ഹൈസ്കൂൾ, കാളേജു് എന്നുള്ള ഭേദം കൂടാതെ അനേക തരത്തിലുള്ള പാഠശാലകൾ പരിശോധിച്ചിട്ടുണ്ടു്. അതിൻെറ ഫലമായിട്ടു് അനേകം നാട്ടുഭാഷാ പാഠശാലകൾ നിരാധാരമായിട്ടു് കിടക്കുന്നു എന്നദ്ദേഹം അറിഞ്ഞുകഴിഞ്ഞു. വളരെപണം ചിലവുചെയ്താൽമാത്രമെ അതിനെ നന്നാക്കാൻ സാധിക്കുകയുള്ളൂഎന്നു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്. അദ്ദേഹം അഭിപ്രായപ്പെടുന്നതുപോലെ ധാരാളം പണം ചിലവു ചെയ്യുകയാണെങ്കിൽ ഈ പള്ളിക്കൂടങ്ങളെ ക്രമപ്പെടുത്തികൊണ്ടുപോകാ

LIBRARY ARCHIVES Kerala Legislative Assembly

ൻ നമുക്കുകഴിയും. പള്ളിവാശൽ-നേരിയമംഗലം റോഡുമുതലായ വ
ച്ചിച്ച വേലകഠംക്കു പണം ചിലവാക്കിയാൽ ടോഠംഗേറ്റ് മുതലായഇ
നത്തിൽനിന്നും അതു തിരിച്ചെടുക്കാൻ കഴിയും. ആവക ജോലികഠംക്കാ
വശ്യമുള്ള പണം മൂലധനത്തിൽനിന്നുമാണ് ചിലവുചെയ്യേണ്ടതു്. വി
ദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുന്നതിനാവശ്യമുള്ള പണം
മൂലധനത്തിൽനിന്നും ചിലവുചെയ്യണം. ശരിയായ മാനേജ്മെൻറിൽ
പള്ളിക്കൂടം നടത്താൻ താണിയുള്ളവക്കു അതു വിട്ടുകൊടുക്കുന്നതു ന
ന്നായിരിക്കും. ചിലവുക്രമേണ കുറച്ചു് പ്രയാസംകൂടാതെ വിദ്യാഭ്യാസാവ
ശ്യം നിർവഹിച്ചുകൊണ്ടുപോകുവാൻ ഇതുമാത്രമാണു് ശരിയായമാർഗ്ഗം.
ഇതു് ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണു്. പക്ഷേ
അനുഭവത്തിൽ വരുന്നില്ലാഎന്നേയുള്ളൂ. രാജ്യത്തെ വിദ്യാഭ്യാസത്തെ
പരിഷ്കരിക്കുന്നതിനു സാമർത്ഥ്യമുള്ള ഒരു ഡയറക്ടർ നമുക്കുണ്ടെങ്കിലും അ
ദ്ദേഹം ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ ആ ഡിപ്പാർട്ടുമെൻറുതന്നെ
സ്വഭാവികമായിട്ടു ആവശ്യപ്പെടുന്നതോആയ പണം കൊടുക്കാൻ ഗവ
ണ്മെൻറിനു ശക്തിയില്ല. നാട്ടുകാരുടെ വിദ്യാഭ്യാസാവശ്യത്തിനു പണം
കൊടുക്കാൻ ശക്തിയില്ലാത്ത ഒരു രാജ്യത്തിൽ വിദ്യാഭ്യാസാഭിവൃദ്ധിക്കു
ഏതൊരു പദ്ധതിയാണ് അനുകരിക്കേണ്ടതെന്നു നല്ലവണ്ണം ആലോചി
ക്കണം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : May I draw the attention of the President to the time limit? The time allotted for the member has expired.

PRESIDENT: No.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : He began 5 minutes before we adjourned for lunch.

PRESIDENT: Four minutes.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : എനിക്കിനി അധികമായിട്ടു ഒന്നും പറയാനില്ല. പൊതുമരാമത്തു ഡിപ്പാർട്ടുമെ ൻറിലേക്കനുവദിക്കുന്ന പണം എല്ലാ താലൂക്കിലേക്കും സാമാന്യം സമ മായിരിക്കണം. വിദ്യാഭ്യാസത്തെ ക്രമീകരിക്കുന്നതിനു വേണ്ട പദ്ധ തിരൂപീകരിക്കണം. കൃഷി, വ്യവസായം എന്നീഡിപ്പാർട്ടുമെൻറുകളിലേ ക്കു കൂടുതൽ പണം അനുവദിച്ചു കൂടുതൽ പ്രയോജനകരമാക്കണം. വ നംവക ഡിപ്പാർട്ടുമെൻറു കൊണ്ടു രാജ്യനന്മയ്ക്കുപയുക്തമായ വ്യവസായ ങ്ങളും പോഷിപ്പിക്കുവാനുള്ള പദ്ധതികളും സുലഭമായി ഏർപ്പെടുത്തുക യും വേണം. ഈ നിർദ്ദേശങ്ങളോടുകൂടി ബഡ്ജറിനെപ്പറ്റിയുള്ള എ ൻറെ പൊതുനിരൂപണം അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I beg permission, Sir, to have my speech in Malayalam.

PRESIDENT: I believe you have been speaking in English!

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Yes, Sir.

PRESIDENT: Then you must speak in English this time too.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Some of my friends on this side were dealing with village reconstruction, corruption, retrenchment and unnecessary creation of appointments. I would like to emphasise the various principal heads of criticism placed before you, Sir, the Dewan President, for your kind consideration. The discussions of the Budget are generally treated as a formality often times by some of the Governments. Some of the previous speakers were dealing with the subject of corruption, just to make mention of that evil practice before this Council, so that it may draw the attention of the ideal Dewan who has risen to his present position through his character and sternness. Now, without taking any time on that particular aspect, I would refer to Irrigation, Excise, Education and Medicine. So far as irrigation is concerned one of my predecessors was giving figures about the importation of paddy into Travancore which amounts to 45,000 lakhs of sacks. Sir, is there a more regrettable situation to see in any part of the world, *viz.*, that the inhabitants of the country are without food and are forced to get it from foreign countries especially in a country like Travancore where paddy can be got easily on account of the natural resources of the country and on account of the facilities to cultivate paddy sufficient to meet the demands of the country. I would strongly request you, Sir, the Dewan President, to specialise on this point. What I mean is that you should make a special study of the question. This is the most important item so far as any particular individual or citizen of Travancore is concerned in such a discussion and we members on this side of the House place before the Government the various aspects of the importance of making the country self-sufficient so far as its important food-stuffs are concerned. According to Mr. Mahadeva Aiyar's Report six lakhs of acres of land are available in Travancore now. On a calculation I find four lakhs more are required to make the paddy supply sufficient to meet the requirements of the country. For this purpose I would suggest four processes *viz.*, disafforestation, reclamation, intensive cultivation and conversion of dry lands into wet lands by coaxing the Public Works Department to work out the irrigation scheme. My friends from North Travancore were complaining about constant floods, but I would request Government to concentrate their attention in that direction and see that such floods are diverted to places where there is not enough water, as in South Travancore, that is, through particular gradients by the side of the Western Ghats, say, about 3 or 4 thousand feet above the level where we can have beautiful reservoirs, and it is not very difficult to have a channel from North Travancore to South Travancore to supplement the existing dams. I am sure that the experts would say that this is an important project. I simply want to convince Government of

LIBRARY ARCHIVES Kerala Legislative Assembly

the real necessity for such a thing. As regards the allotment for irrigation it is a very meagre amount that has been set apart for minor irrigation works. The amount is only Rs. 70,000 odd. It is very regrettable to note that the amount is so small, but I am sure that the Chief Engineer would pay special attention to the matter and give instructions to his subordinates to see that the estimates are prepared and sent at the proper time so that the work may be carried out soon. I also regret to note that many estimates so far as the Kalkulam and Vilavankod taluks are concerned are pending before Government. Last year we were disappointed by some of the Heads of Departments especially during the time of cholera when we lost 15,000 souls; we were promised a decent amount for the restoration of tanks. But unfortunately not even 5,000 Rs. work has been completed. So, I would request the Dewan-President to pay special attention to that matter.

As regards the Excise policy of the Government, I would request the Excise Commissioner to improve the production of salt in Travancore. A comparative study of the figures shows that more than half the supply is being imported from outside. On examination it is found that salt produced in this country is much superior to the salt imported (*Mr. S. Piraviperumal Pillai: No.*)

As regards Education, I have suggested at the beginning I would strongly request the Dewan-President and also the Director of Public Instruction to see that the morals of Professors and Principals are kept up. We see scandalous articles in Newspapers about their morals.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I rise to a point of order. The member is not in order in referring to articles in Newspapers.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I would strongly request the Government to take action and see that the morals of Principals and Professors are kept up.

Then, as regards medicine, the income from the sale of quinine is estimated to be Rs. 800. This article is generally purchased by Kanikars and other depressed classes. I know lakhs and lakhs are spent in the shape of travelling allowances, consumption of petrol, etc. I do not think, therefore, that the Government will be justified in getting an income by the sale of this article, a packet of which costs only a chackram.

Various suggestions are often made from the non-official side but they are seldom carried out; for instance, the Economic Development Board make recommendations which are rarely given effect to. From the report for 1928 (*vide* page 5) it is seen that they have made recommendations for the improvement and conservation of irrigation tanks and channels and for transferring them to the control of the Agricultural Department. I understand the scheme is pending before the Government and I hope the Dewan who is a born subject of Her Highness the Maha Rani Regent would see that permanent good is done to the country in this matter. Sir, I may also point out that, in 920 M. E.,

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

the Maha Rajas of Travancore used to take pains to go and make a personal inspection of every irrigation scheme. Though cars and car allowances are provided for officers now, I don't see why they are reluctant to do their work properly in this matter. We come from rural parts and we do not want appointments. The public of Travancore expect Her Highness the Maha Rani Regent to see that the various subordinate officers do their work properly. We are more concerned about the economic condition of the people than about anything else. There is a proposal pending before the Government. The Chief Engineer has made the recommendation for the appointment of a special staff for irrigation scheme. I interpellated on the matter. I never wanted to put a supplementary question, but I see no provision has been made for it in the Budget. I hope the President would enquire about it whether such a recommendation is pending before Government, and if so, kindly consider and sanction the recommendation.

MR. K. MADHAVAN (*Nominated*): ஸர், இந்த வருஷத்து பட்ஜெட்டை முழுதும் நான் படித்துப்பார்த்தேன். வருஷா வருஷம் பிறித்துவைக்கப்பட்ட 2000 ரூபாய் இவ்வருஷமும் பிறித்து வைக்கப்பட்டிருப்பதாகத் தெரிகிறது. அதைப்பற்றி சர்க்கப்படவேண்டாம். இந்த 2000 ரூபாயும் திரும்பி வருமென்று கெரியுமே. கடந்த சில காலங்களாக குடியிருப்புக்கு ஸ்தலம் ஏழைகளுக்குக் கொடுக்கவேண்டுமென்று அஸம்பளி மெம்பர்களும், நியமன சபை மெம்பர்களும் கேட்டதுண்டு. இதுவரையிலும் சரியான நிலைமையில் நடைபெறுதிருப்பது மிகவும் சங்கடம். போன வருஷம் எவ்விதமான காரியமும் இந்த தாழ்த்தப்பட்ட வகுப்பினருக்குச் செய்யவில்லை. ராஜ்ஜியத்தின் பல்பாகங்களிலுமுள்ள மிகவும் மோசமான நிலைமையில் ஜீவிக்கும் தாழ்த்தப்பட்டவர்களின் குறைகளை நேற்படித்த ஒன்றும் இப்பட்ஜெட்டில் காணோம். இவ்வேழைகளின் குறைகளை நிவர்த்தி செய்யவேண்டியிருக்கிறது. இப்போது கண்டிருக்கிற 7, 8 லக்ஷம் ஜனங்கள் இந்த ராஜ்ஜியத்தின் வருமானத்திற்கு பல பல பாகங்களிலும் பல நிலைமைகளிலும் கஷ்டம் அனுபவிக்கிறார்கள். இவர்களுக்கு தங்குவதற்கு வீடில்லை. இந்த ஏழை ஜனங்கள் காடுகளிலும், மலைகளிலும் வசிக்கிறார்கள். இந்த இடங்களில் தங்களுடைய குழந்தைகுட்டிகளுடைய கலங்களையும் கருதாமல் இரவும் பகலும் உழைக்கிறார்கள். இந்த ஏழை ஜனங்களின் நிலைமையை கவர்மெண்டு கவனிக்கவேண்டுமென்று கவர்மெண்டின் அறிவிற்குக் கொண்டுவந்திருக்கிறேன். இவர்கள் குடியிருக்கும் ஸ்தலங்களோ மிகப்பரிதாபகரமாயிருக்கிறதென்று சொல்லவேண்டியிருக்கிறது. அவர்களுடைய நிலைமை, தண்ணீரில் ஒருவித பாசியுண்டு. அது தண்ணீரின்மேலிருக்கும். அது தண்ணீர் கூடும்போது உயரும், தாழும்போது தாழும். அதுபோல் இந்தஜனங்கள் இந்நாட்டின் பல பாகங்களிலும் அங்கங்கே வசித்து, நிலையற்ற நிலைமையில் அலைந்து சங்கடம் அனுபவித்துக் கொண்டிருக்கிறார்கள். ஒரு இடத்தில் குடிசை கட்டிக் கொண்டிருக்கிறார்கள். அவர்கள் தங்களது இடங்களிலிருந்து போகச்சொன்னபோது வேறுயிடத்திற்குப் போகவேண்டியிருக்கிறது. இதுமாதிரி ஒரு இட

LIBRARY ARCHIVES Kerala Legislative Assembly

த்திலிருந்து மற்றொரு இடத்திற்கு அலைந்து அவர்கள் அனுபவிக்கும் சங்கடங்களை கவர்மெண்டுக்கு கூறினதுண்டு. ஆனால் இதுவரையில் சங்கடங்கள் அனுபவிக்கிறதேயல்லாமல் ஒருவிதத்திலும் நிவர்த்தியொன்றுமில்லை. இந்த ஏழை ஜனங்களுக்கு சில பொறம்போக்கு நிலங்களை இனாமாகப் பதித்துக்கொடுக்க கவர்மெண்டு உத்தரவு உண்டு. இந்த புதுவல் பூமிகளை இந்த ஏழை ஜனங்களுக்கு பதித்துக்கொடுப்பதின் மூலமாய் உண்டாகும் கஷ்ட நஷ்டங்களை யார்தான் சகிக்கக்கூடும். இந்த ஜனங்கள் அனுபவிக்கிற சங்கடங்கள் ஏராளம். இவர்களும் புதுவலுக்கு அபேக்ஷிக்கிறார்கள். ஆனால் மற்றவர்களுக்காக இவர்களுடைய அபேக்ஷைகள் தள்ளப்பட்டு மற்றவர்களுக்கு கொடுக்கவேண்டுமென்று உத்தரவிடுகிறார்கள். வடசேரியில் கிருஷ்ணசமுத்திரமென்ற குளத்தின் புறம்போக்கு ஸ்தலத்தை அநேக ஏழை ஜனங்கள் அபேக்ஷித்தும் வீடுகள்கெட்டி குடிபார்த்தும் வந்தார்கள். ஒரு பெரிய லாண்டிலார்டு (Land-Lord) க்காக கவர்மெண்டார் 31 ஸெண்று ஸ்தலம் பதிவுசெய்து கொடுத்ததுண்டு. இந்த இடத்தில் 27 ஏழைக்குடிகள் தாமதித்தார்கள். இக்குடிகளை இடித்து இந்த ஏழை ஜனங்களின் வீட்டுக் கூரைக்கம்புகளைப் பிரித்து எடுத்துக்கொண்டு இவர்களை மிக்கபரிதாபகரமான நிலைமையில் விட்டுவிட்டார்கள். இவர்களின் கஷ்டங்களைப்பார்த்த ஒரு கனவானும், பாய்னியர் சர்வீஸ் மானேஜரும் இவர்களுக்காக ஒரு இடம் கொடுத்து, இவர்களுக்கு சகாயம் செய்தார்கள். மறுபடியும் அதே பகுதியில் ஸர்வே நம்பர் 1731-ல் லக்ஷ்மணசாஸ்திரிக்கு 1 ஏக்கர் 36 ஸெண்டு பதித்துக் கொடுக்கப்பட்டிருக்கிறது. பாவங்களுக்காக கொடுக்கவில்லையே!

புனலூருக்குப் போயிருந்தேன். அங்கே ஒரு ஏழை மனிதனும் அவர் சகோதரனும் 6 வருஷகாலமாக 6 ஏக்கர் பூமியில் ஒரு வீடுகட்டிக்கொண்டு 76 பிலா, 64 மிளகுகொடிகளையும் இன்னும் பல விருக்ஷங்களையும் நட்டு வளர்த்து கிருஷிசெய்து கொண்டிருந்தார்கள். அதில் இன்னும் பல விருக்ஷங்களுமுண்டு. மிளகுகொடிகள் காய்ப்பலனடைந்திருந்தன. நெடுநாளாக அனுபவித்துவரும் அந்த புறம்போக்கு நிலத்தைபதித்துக்கொடுக்காதே, போலீஸ்காரர் சகிதமவந்து அந்த வீட்டை இடித்து அதிலிருந்தவர்கள் வெளியில இறக்கி மாற்றப்பட்டனர். இன்னும் அதே ஸ்தலத்திலிருந்து அவர்கள் வீடில்லாமல் சங்கடம் அனுபவிக்கிறார்கள். இந்த மனிதன் அந்த வீட்டைப் பொளித்து இடித்துப்போட்ட அதேயிடத்தில் அவன் பிள்ளைகளையும் சேர்த்துக்கொண்டு வரம்போரத்தில் சில ஓலைகள் மாத்திரம் போட்டுக்கொண்டு கிடக்கிறார்கள். அன்று இரவு பூரா நான் அங்கே காலந்தள்ளவேண்டியதாயிற்று. இவ்விதமாக அநேக வருஷமாக அனுபவித்து கஷ்டப்பட்டு வருகிறவர்களுடைய நிலங்களை அவர்களுக்கே பதிவுசெய்து கொடுக்கவேண்டும். வேறே ஒருவருக்கு பதிவுசெய்து கொடுப்பதினால் இந்த ஏழை ஜனங்கள் அநேக கஷ்டங்களை அனுபவிக்கக் காரணமாகும். வட்டியூர்காவு இரண்டாமடப்பகுதியில் ஸர்வே நம்பர் 1628–ல் 30 வருஷத்துக்கு அதிகமாய் அனுபவித்து பொன்விலைகட்டி பதித்து இதுவரையும் காத்திருந்து வருகிறவர்களை இந்த இடத்தைவிட்டு ஒழிந்துபோக உத்தரவு பிறப்பிக்கப்பட்டிருக்கிறது. கொட்டாரக்கரைத் தாலூகா குளக்கடைப்பகுதி 28/1, 29/1-ல் ஏழை ஜனங்கள் தாமதித்து வருகிறார்

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Madhavan.]

கள். இவர்களுக்கு 30 வருஷத்துக்கு தேகண்ணம் உண்டு. இவர்கள் இந்த இடத்தில் மரங்கள் வைத்து பிடிப்பித்திருக்கிறார்கள். இப்போது அந்த ஸ்தலங்களை அவர்கள் ஒழிக்கவேண்டி வந்திருக்கிறது. அவர்கள் தங்களது பிள்ளைகளை எடுத்துக்கொண்டு எங்கே போவோம் என்று தம்புகிறார்கள். அமனைப் பகுதியில் 4751, 4752, 4851, 4852 இந்த நம்பர்களில் இப்போது தாராளம் இடங்கள் உண்டு. இந்த ஏழை ஜனங்களுக்கு இதில் பதித்துக் கொடுத்திருப்பது கொஞ்சபாகமே. மற்ற பாகங்களை இதற வகுப்பாருக்கு பதித்துக்கொடுத்திருப்பதாக அறிகிறேன். இப்படி செய்திருப்பது அக்கிரமமான திறல் பதிவு ஒழிப்பித்து, சட்டம் அனுபவிக்கிற ஏழைகளுக்கு கொடுக்கவேண்டும். இடைக்கோட் பகுதி 3541-ம் நம்பரில் சிலர் வீடுகள் கட்டிக்கொண்டும், கிணறு வெட்டிக் கொண்டும் இன்னும் குடி இருக்கிறார்கள். அந்த ஸ்தலத்தைப் பதித்துத் தரவேண்டுமென்று அபேட்சை கொடுத்தபோது, ஸ்தலம் பரிசோதிக்கப்போனவர் நல்ல ஸ்தலம் என்று கண்டு தனது சொந்த ஆளின்பேரில் பதிவுசெய்து கொடுத்ததின்பேரில் 30 வருஷத்திய தேகண்டமும் 987 ரூ. 17 ச. 6 கா. கொடுத்து அதை ஒழிப்பிக்கவேண்டிய ஆர்டர் தயாராயிருக்கிறது. எங்கே இந்த ஏழை ஜனங்கள் போவார்கள்! இந்த விதமாக ஏழை ஜனங்கள் கஷ்டங்களை அனுபவித்துக்கொண்டு வருகிறார்கள். இந்த ஸ்தலத்தை தேகண்டம் கொடுத்து ஒருக்காலும் ஒழிக்கக்கூடாது. அவர்களுக்கே பதித்துக்கொடுக்கவேண்டும். என்ன நியாயத்தோடு தரவிலை கொடுக்கவேண்டும். பாவங்களின் தேகண்ட ஸ்தலம் பாவங்களுக்கே கொடுக்கவேண்டும். களியல் பகுதியில் 3022-ல் 108 ஏக்கர் நல்ல ஸ்தலம் உண்டு. இந்த ஸ்தலம் சமீபத்தில் லேலம் செய்திருக்கிறது. அதை இந்த ஏழைகளுக்கு 1, 2 ஏக்கர்களாக பதிவுசெய்து கொடுத்தால் நலமாயிருக்குமே. 12 வருஷத்துக்குமுன் தாழ்த்தப்பட்டவரின் அனுபவமும் அதன் மேல் அதே ஸ்தலம் மற்றும் ஆள்களால் அபேட்சைகொடுத்து பதிவுசெய்திருந்தால் அப்படிப்பட்ட பதிவை ரத்துசெய்து முன் அனுபவக்காரர்களுக்குத் தானே பதிவுசெய்து கொடுக்கவேண்டிய தீர்மானம் செய்யவும்.

டிப்ரஸ்ட் புரொடெக்டர்.

இந்த ஏழை ஜனங்களுக்கு ஒரு பாதுகாவலை நியமிக்கவேண்டுமென்று முன்பே 3 வருஷமாய் பிரஸ்தாபிக்கப்பட்டிருக்கிறது. ஒரு டிப்ரஸ்ட்கிளாஸ் புரொடெக்டரை நியமித்து, இந்த ஏழை ஜனங்களின் குறைகளை எடுத்துக்கூறவும் ஒருவரை நியமிக்க ஏற்பாடுசெய்ய கவர்மெண்டை பிரார்த்திக்கிறேன். 12 வருஷங்களுக்குமுன் வீடுகட்டி அனுபவித்துக் கொண்டிருந்த ஸ்தலங்களை இந்த ஏழை ஜனங்களுக்கே கொடுத்தால் உபகாரமாயிருக்கும். அவர்கள் ஏழைகள், பாவங்கள், அதலால் அந்த ஸ்தலங்களை அவர்களுக்குக் கொடுக்கவேண்டுமென்று பலமாக பிராத்திக்கிறேன்.

இன்ஜினீயர் டிபார்ட்மெண்டு.

இந்த டிபார்ட்மெண்டைப்பற்றி எனக்கு கொஞ்சம் சொல்லவேண்டியிருக்கிறது. ஏழை ஜனங்கள் தங்கள் சுகவாழ்வைவிட அதிகமாய் கிருஷியின் உபயோகத்தைக் கருதி ஆற்றோரங்களிலும், வயலோரங்களிலும், காயல் ஓரங்களிலும் வீடுகள் கட்டி தாமதித்துவருகிறார்கள்.

LIBRARY ARCHIVES Kerala Legislative Assembly

இவர்கள் தாமதித்து வருகிற ஸ்தலங்களுக்கு முன்காலத்தில் போகவர கல்ல வசதிகள் இருந்தன. இப்போதோ நாலு பக்கங்களிலும் கிருஷிகள் விருத்திசெய்யப்பட்ட விதத்தில் போக்குவரத்துக்கு வசதியில்லாதே பல கஷ்ட நஷ்டங்கள் அனுபவிக்கிறார்கள்.

மாடுகளும் மனிதரும் மற்றவர்களின் ஸ்தலங்களின் உள்ளாகப் போகவேண்டியிருக்கிறது. இதனால் இவர்களுக்கும் இந்த ஏழை ஜனங்களுக்கும் பல கஷ்ட நஷ்டம் ஏற்படுகிறது. மாடுகளை பவுண்டுக்குப் பிடித்துக்கொண்டுபோய்விடுகிறார்கள் பலவித போலீஸ் கேஸ்களுக்கு இடையாகிறது. சில இடங்களில் மாடுகளை வாய்கட்டிக்கொண்டுபோய் விடுகிறார்கள்.

பூதப்பாண்டி அடுத்துப் புத்தன் ஆற்றிலிருந்து ஒரு மறுகாலிருக்கிறது. அதில் மாப்பாலம் எத்தனையோ வருஷத்துக்குமுன் செய்ததுண்டு. அந்தப் பாலத்தின் பலகைகள் கெட்டுப்போயிருந்ததினால் ஜனங்கள் கொஞ்சம் கொஞ்சமாய் எடுத்துக்கொண்டுபோய்விட்டார்கள். அந்த வழியாய் 1300 ஏக்கர் ஸ்தலங்களுக்கு உரம் போகவேண்டியதும், அதன்வழியாக குடியிருப்பு ஜனங்கள் போகவேண்டியதும், பிள்ளைகளும் ஆற்றில் வெள்ளம் வர்தகாலத்திலும் போக்குவரத்து செய்யவேண்டியதுமாயிருக்கிறது. இந்தப் பாலத்தை சரிபண்ணித்தர பலதடவையும் கேட்டபோது ஒரு பாகியில் பணங்கம்புவைத்து தைத்திருக்கிறது. என்ன சங்கடம். இன்ஜினீயர் டிபார்ட்மெண்ட் இவ்வளவு தரித்திரமாகிப்போனதா? இந்த வருஷமும் 1 லக்ஷத்து 25 ரூபாய் சரண்டர் செய்வதாக அறிகிறோமே. இந்தநிலமையில் இந்தப்பாலத்தை வைத்திருப்பதைவிட அதை முழுவதும் எடுத்துவிடுவது நல்லது. திருச்சனங்கோப்பு அடுத்த இடத்தில் பழையாற்றில் தெல்லா நதிப் பாலம் ஒன்று இருக்கிறது. அது வேலை ஆரம்பித்தது இரண்டுவருஷம் இருக்கும் என்றுநினைக்கிறேன். இன்னும் முற்றுப்பெறவில்லை. ஜனங்கள் போக்கு வரவுக்காய் மிகவும் சங்கடம் அனுபவிக்கிறார்கள். இன்னும் கிருஷிக்கு உபயோகமான எத்தனையோ ரோட்டுகள் செய்யவேண்டியதாயிருக்கிறது. கிருஷிக்கு வேண்டிய சாதனங்கள் கொண்டு போக வழியில்லாதே எத்தனை கஷ்ட நஷ்டம் கிருஷிகர்கள் அனுபவிக்கிறார்கள்.

அகஸ்தீஸ்வரம் தாலூகா இரவிபுதூர் பகுதியில் வழுக்கம்பாரையிலிருந்து அஞ்சுகிராமம் போகும் ரோட்டில் வழுக்கம்பாரை அடுத்து ஒரு பாதை மரங்கூர் ரோட்டில் சேரத்தக்கதாய் இருக்கிறது. இந்தப் பாதையானது வண்ணத்தாங்குளம் இதை அடுத்துப்போகிறது. கிருஷிக்கும் மிக்க உபகாரம். போக்குவரத்துக்கும் மிக்க ஆவசியம். இப்படி எத்தனையோ முக்கியமான ரோடுகள் உண்டு. மேலும் இதாவதுப்போருக்கு செய்துகொடுப்பதுபோலவே தாழ்த்தப்பட்ட வகுப்பாருக்கும் ரோடுசெய்து கொடுக்கப்பட்டது. இப்போது புதிதாய் ஒரு சட்டம் ஏற்பட்டிருக்கிறது. ஆதாவது தாழ்த்தப்பட்டவருக்கு ரோடு வேண்டுமானால், ஆவசியப்படுகிறவர்கள் மண்வேலை செய்யவேண்டும் என்பது. ஏழை ஜனங்கள் அன்றுடன்று வேலைசெய்து காலக்ஷேபம் செய்யும் பாவங்கள். ரோட்டுக்கு வேலைசெய்துவிட்டு பசி பட்டினியாயிருக்கமுடியுமா? இது மிகவும் சங்கடம். மேலும் அநேக இடங்களில் ரோடுகள் வயல்களின் ஊடேபோவதினால் மற்ற வேலைகளைவிட மண்வேலை தான் அதிகம் சிலவுபிடிக்கும். ஆனதினால் இந்த மண்வேலை செய்யும்

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Madhavan.]

ஏற்பாட்டை மாற்றி முழுச்செலவும் கவர்மெண்டு செய்து ரோடுசெய்து தரும்படி கேட்டுக்கொள்கிறேன்.

கிணறு.

கிணறுகள் அநேகம் கவெர்ண்மெண்டு உதவியால் வெட்டி வேலை தீர்த்து நல்ல ஜலம் குடித்துவருகிறோம். இதனால் அநேகம் தொத்து வியாதிகளும் நீங்கி ஜீவித்துவருகிறோம்.

இன்னும் அநேக இடங்களில் இந்த ஏழை ஜனங்கள் பேச்சுப்பாறை ஜலத்தையும், குளம் குட்டைகளிலுள்ள ஜலத்தையும் குடித்து கஷ்டநஷ்டம் அனுபவித்து வருகிறார்கள். கிணறுகள் வெட்டிக்கொடுப்பதிலும் புதியதோர் ஏற்பாடு நியமிக்கப்பட்டிருக்கிறது. அதாவது எந்தக் கிணறுகளிலும் முக்கால் பங்கு கவெர்ண்மெண்டு கொடுக்கும். மீதிப் பாகம் ஜனங்கள் கொடுக்கவேண்டும். இதில் முக்கால் பாகம் என்று கணக்காக்குவது 100 ரூபாய்க்கு மேலாகிவிட்டால் 100 ரூபாய் மாத்திரம் கொடுக்கப்படும் என்பதே இவ்வித ஏற்பாடு மிகவும் சங்கடம். ஏழை ஜனங்கள் என்று கவெர்ண்மெண்ட் நன்றாய் அறிந்திருந்தும் இவ்விதம் சட்டம் ஏற்படுத்துவது எவ்வளவு பரிதாபகரமான விஷயம்.

இதர வகுப்பார் நல்ல நிலைமையிலிருக்கிறார்கள். அவர்களுக்கு 1000 ரூபாயோ அதற்கு மேலும் செலவுசெய்கிறார்கள். அதாவது:— மேலக்காட்டுவேளாளருக்கு 1430 ரூபாய், நாடார் 840 ரூபாய், புலையர் தட்டு 1500 ரூபாய், வடுகவிளை 700 ரூபாய். இவ்விதம் செலவு செய்து கிணறு வெட்டிக்கொடுக்கும் இடத்தில் ஏழைகளுக்கு உபயோகமுள்ள கிணறுகளுக்கும் முழுச்செலவும் செய்துகொடுக்கப்படாது என்று சொல்வது எவ்வளவு சங்கடம். ஆகையால் ராஜ்யத்தின் குடிகளாகிய இதர ஸ்தலங்களிலுள்ளவர்களுக்கு செலவு செய்து கிணறு வெட்டிக்கொடுப்பதுபோல் தாழ்த்தப்பட்ட வகுப்பார்க்கும் செய்து கொடுக்கும்படி கேட்டுக்கொள்கிறேன்.

ஸர், தாழ்த்தப்பட்ட வகுப்பாரில் இரண்டோ, மூன்றோ ஆள்கள் இன்ஜினீயர் டிபார்ட்மெண்டில் வேலை செய்கிறார்கள். இவர்களில் நாகர்கோவில் டிவிஷனில் ஒருவர் 16 வருஷமாய் வேலைசெய்து வருகிறார். இவரிலும் குறைந்த ஸர்வீஸ் உள்ளவர்களுக்கு ஸ்திரம் வேலைகொடுத்திருக்கப்பட்டிருக்கிறது. இவருக்கோ இதுவரையிலும் ஸ்திர அப்பாயின்டுமெண்டு கொடாதிருப்பது எவ்வளவு சங்கடம். தயவுபாராட்டி மேலிலாவது ஸ்திர அப்பாயின்ட்மெண்ட் கொடுக்கும்படி கேட்டுக்கொள்கிறேன்.

ஸானிடெரி.

ஸானிடேஷன் விஷயமாய் ஏழை, தாழ்த்தப்பட்ட வகுப்பார் பலவிதமான சங்கடம் அனுபவிக்கிறார்கள். இவர்களுக்கு சரியானபடி வசதியான ஸ்தலங்கள் குடியிருப்புக்கு இல்லாததினால் மிக நெருக்கமாயும், சதுப்புநிலங்களிலும், மற்றும் அசுத்தமான இடங்களிலும் குடிபார்த்து வருகிறார்கள். இந்தவிதம் ஜீவித்து வந்ததினால் கடந்த வருஷம் ஏராளமான ஜனங்கள் விஷவியாதிக்கு இரையாஞர்கள்.

இந்த வருஷத்திலும் அப்படிப்பட்ட பயங்கரமான வியாதிகளுக்கு இடமில்லாமல் முன்கூட்டியே கிராமங்களில் போய் இறங்கி எதேது விஷயங்களை சரிபண்ணவேண்டியதோ அவைகளை சரிபண்ணி தக்க ஏற்பு

LIBRARY ARCHIVES Kerala Legislative Assembly

டுசெய்தால் உபகாரமாயிருக்கும். ஸானிடெரி கமிஷனர் கார்போகும் இடங்களிலும், ரோடுகளிலும் போய்க்கொண்டிருந்தால் போதாது. வில்லேஜ் விலேஜாய்ப் போய்பார்த்து பாவங்கள் அனுபவிக்கும் கஷ்டங்களை கண்ணால் பார்த்து வேண்டிய ஏற்பாடுகள் செய்யவேண்டும். சில இன்ஸ்பெக்டர்கள் சரியானபடி கிராமங்கள் போய் பார்ப்பதில்லை. நாகர்கோயில் முனிசிப்பல் அகர்த்திக்குள் ஏழைகளின் குடியிருப்பு விஷயம் உண்டாக்கிக்கொண்டிருக்கும் சங்கடங்களை ஸானிடெரி கமிஷனர் பார்த்து முனிசிபாலிடிக்குக் குறிப்புப்போட்டுச் செய்தால் உபகாரமாயிருக்கும்.

எப்படியும் ஏழைகளின் சுகாதாரவிஷயமாய், வேண்டிய சிரத்தை எடுத்து நல்ல ஏற்பாடுகள் செய்ய கேட்டுக்கொள்ளுகிறேன்.

பாரஸ்டு. (வனம்)

பாரஸ்டின் பவுண்டரியடுத்த ஸ்தலங்கள் யாவையும் பலவிதத்திலும் டலரும் தேகண்டித்தும், பதிவுசெய்தும் தீர்த்துபோனது.

ஆனல் பவுண்டரி விமிட்டுக்குள் பாரஸ்டுக்கு உபகாரப்படாத தாராளம் ஸ்தலங்கள் உண்டு. அப்படிப்பட்ட ஸ்தலங்களை பாரஸ்டு விமிட்டைவிட்டு ஒழித்து பாவங்களுக்குக் கொடுத்தால் உபகாரமாயிருக்கும்.

இது தவிரவும் பாரஸ்டு விமிட்டுக்குள் முன்பு சில ஸ்தலங்கள் ஜனங்கள் தேகண்டித்து அனுபவித்தவைகள் உண்டு. அவைகளையும் பாரஸ்டு எல்லைகளிலிருந்து ஜனங்கள் அனுபவிக்கக் கொடுத்தால் மிக்க உபகாரமாயிருக்கும்.

அகத்தபுறம்பகுதி தோவாளைதாலுகாவில் 2687 முதல் 2713-ம் நம்பர் வரையுள்ள சர்வே நம்பர் ஸ்தலங்கள் உண்டு. அவைகளையும் பாரஸ்டு விமிட்டிலிருந்து வெளிப்படுத்தவும். முன் அனுபவித்தவர்களுக்தோ மற்றும் தாழ்த்தப்பட்டவரிலிருந்து அபேட்சிப்பவர்களுக்கோ கொடுத்தால் மிக்க உபகாரமாயிருக்கும். இந்தமாதிரி பல தாலுகாக்களிலும் உண்டு.

பத்மனாபபுரம் தாலுகா, பத்மனாபபுரம் பகுதியில் சில ஸ்தலங்கள் நெல்கிருஷிக்கே உபயோகமுள்ள ஸ்தலங்கள் உண்டு. இவைகளையும் இப்பட்டிப்பட்ட மற்ற ஸ்தலங்களையும் ஏழை ஜனங்களுக்கு உபயோகமாய் ஏழிப்பித்துக் கொடுத்தால் மிக்க உபகாரமாயிருக்கும். இவ்வளவும் சொல்லிக்கொண்டு என் அபிப்பிராயத்தை முடிக்கிறேன்.

MR. TARIATU KNJITOMMAN (*Muvattupuzha cum Todupuzha*): ഭരണവിഷയമായി പൊതുവിലും, ഓരോ വകുപ്പുകളിലെ ഭരണവൈകല്യങ്ങളെ പ്പറ്റി പ്രത്യേകിച്ചും, ജനങ്ങൾക്കുള്ള അഭിപ്രായങ്ങളേയും, അവരുടെ കഷ്ടതകളേയും, നിവാരണമാർഗ്ഗങ്ങളേയും. വ്യക്തമായി ഗവണ്മെൻറിനെ മനസ്സിലാക്കുന്നതിനു ജനപ്രതിനിധികൾക്കു ലഭിക്കുന്ന പ്രധാനഅവസരം ബഡ്ജറ്റിനെപറ്റിയുള്ള ഈപ്പൊതു വിമർശന സമയമാണല്ലോ. ബഡ്ജറ്റിനെപറ്റി വിചിന്തനം ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തെ പ്രത്യേകമായി സംബന്ധിക്കുന്ന ചിലപ്രധാന കാര്യങ്ങളെ വിസ്മരിക്കാൻ പാടില്ല. ഈ രാജ്യം കൃഷിക്കാരുടെ രാജ്യമാകുന്നു. ഭൂരിപക്ഷം ജനങ്ങളും കൃഷി കൊണ്ടുജീവനം കഴിക്കുന്നവരാണു്. ഈ രാജ്യത്തെ ജനങ്ങളിൽ പട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman].

ണവാസികൾ വളരെ കുറവാണ്. രാജ്യത്തെ പ്രധാനതൊഴിലായ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ മിക്കവാറും എല്ലാവരുംതന്നെ നാട്ടംപുറങ്ങളിലാണ് താമസിക്കുന്നതു. ഈ മണ്ഡവസ്ഥകളേയും പ്രധാനമായി മുൻനിത്തി രാജ്യകാര്യം നയിക്കപ്പെടാത്തപക്ഷം ജനസാമാന്യത്തിന്റെ ക്ഷേമവും രാജ്യത്തിന്റെ പൊതുഐശ്വര്യവും നാശോന്മുഖമായിതീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അടുത്തുകഴിഞ്ഞ കാലങ്ങളിൽ ഗവണ്മെൻറു ഈ കാര്യങ്ങൾ വേണ്ടപോലെ ഗണിച്ചു പ്രവൃത്തിച്ചിരുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അടുത്ത ബ്രിട്ടീഷ് ജില്ലകളിലും പാശ്ചാത്യരാജ്യങ്ങളിലും കാണുന്ന പട്ടണ ജീവിത സമ്പ്രദായമല്ല ഇവിടെയുള്ളതു. ബ്രിട്ടീഷ് ജില്ലകളിൽ ജനങ്ങൾ ഗ്രാമങ്ങളിലായിട്ടാണ് താമസിക്കുന്നതു. ഗ്രാമങ്ങൾ ചെറിയ പട്ടണങ്ങൾതന്നെ. അവിടെ പട്ടണങ്ങളുടെ വലിപ്പം നോക്കി ജീവിതസൌകര്യത്തിനു വേണ്ടതു ഗവണ്മെൻറു ചെയ്താൽ എല്ലാവക്കും വേണ്ടതു ലഭിക്കുമെന്നു സമാധാനപ്പെടാം. ഇവിടത്തെ ജനങ്ങൾ ഭൂരിഭാഗം അവിടവിടെ ഒറ്റ ഒറ്റയായിട്ടാണ് വീടുവച്ചു താമസിക്കുന്നതു. ഇവിടത്തെ ഭൂമിയുടെനിമ്നോന്നതയും തൊഴിലും ശില്പശാസ്ത്രവിധികളും അവരെ അതിനു പ്രേരിപ്പിക്കുന്നു. വടക്കോട്ടോ കിഴക്കോട്ടോ താണസ്ഥലത്തേക്കു അഭിമുഖമായി വേണം വീടുവയ്ക്കാൻ എന്നൊരു വിശ്വാസം ജനങ്ങളുടെ ഇടയിൽ ഉണ്ട്. കൃഷിത്തോട്ടങ്ങളുടെ കൃഷിസ്ഥലങ്ങളുടെ സമീപംതന്നെ താമസിക്കണമെന്ന വിചാരവും അവക്കുണ്ട്. അതിനാലും വലിയ വ്യവസായങ്ങളും കച്ചവടങ്ങളും അധികമില്ലാത്തതിനാലും പട്ടണജീവിതം ഇവിടെ വളരെ കുറവാണ്. നാലു ചതുരശ്രമൈലിനകത്തു ഇരുന്നൂറോ മുന്നൂറോ വീടുകൾ വരിയായുണ്ടെങ്കിൽ അവിടെ ആശുപത്രി, സ്കൂൾ മുതലായവയെല്ലാം സ്ഥാപിച്ചുകൊടുക്കുന്നുണ്ട്. മറ്റൊരിടത്തു നാലു ചതുരശ്രമൈലിനകത്തു മുൻപറഞ്ഞതിൽ വളരെ കൂടുതൽ വീടുകൾ ഉണ്ടായിരിക്കയും എന്നാൽ വരിചേർന്നില്ലാതിരിക്കയും ചെയ്താൽ ഉൾനാട്ടെന്നുപറഞ്ഞു അവിടെ വേണ്ടതു ചെയ്യാതിരിക്കുന്നു. ഇതുകൊണ്ടു അധികം കഷ്ടതയുള്ളതു ഉത്തരതിരുവിതാംകൂർകാക്കാണ്. ദക്ഷിണതിരുവിതാംകൂറിൽ കുറെ ഗ്രാമജീവിത സംപ്രദായമുണ്ട്. ഉത്തരതിരുവിതാംകൂറിൽ അതു തീരെ ഇല്ലെന്നതന്നെ പറയാം. അതിനാൽ അവിടെ സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ ഇവ കിട്ടുവാൻ പ്രയാസംതന്നെ. ഇപ്പോൾ അവക്കു വേണ്ടിടത്തോളം റോഡില്ല, സ്കൂൾഇല്ല, ആസ്പത്രിയില്ല, കൃഷിസേചനവേലകളില്ല, അവിടെ കൃഷിക്കാരുടെ ജീവിത സൌകര്യത്തിനുവേണ്ടതു ചെയ്യുതരുന്നതിനു ഗവണ്മെൻറു വേണ്ടപോലെ ശ്രദ്ധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ഈ വിധത്തിലാണ് അവിടത്തെസ്ഥിതി. സാധുക്കളായ കൃഷിക്കാരുടെ അഭിവൃദ്ധിയെ പ്രധാനമായികരുതി, എല്ലാസംഗതികളും നടത്തേണ്ടതു ഗവർമെൻറിൻെറകടമയാണ്. എന്നാൽ ഇപ്പോഠ ഈ രാജ്യത്തു കൃഷിക്കാരെപ്പോലെ ഉദ്യോഗസ്ഥന്മാരിൽനിന്നു കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനതതി വേറെയില്ല. അവരെ വിസ്മരിച്ചിട്ടു ഈ കർഷകരാജ്യത്തു യാതൊരഭിവൃദ്ധിയും സാധ്യമല്ല. ഇതുയും പൊതുവിൽപറഞ്ഞുകൊണ്ടു ചില ഡിപ്പാർട്ടുമെൻറുകളെപ്പററി ചിലതു പ്രത്യേകം പറഞ്ഞുകൊള്ളുന്നു. മുമ്പു സംസാരിച്ച പല മാന്യന്മാരും ഗവർമെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതിനെ ഞാൻ ആവർത്തിക്കുന്നില്ല, എങ്കിലും ഞാൻ പറയുന്നതു ഒരാവർത്തനംതന്നെ. പലവർഷങ്ങളിലും ബഡ്ജററവസരത്തിൽ ഗവർമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഗവർമെൻറു ശ്രദ്ധിക്കാത്തകാര്യങ്ങളെ വീണ്ടും പറയാതെവിട്ടുകളയുവാൻ ജനപ്രതിനിധികൾക്കു പാടില്ലല്ലോ. കഴിഞ്ഞകാലത്തെ അനുഭവം ഇവിടത്തെ ഞങ്ങളുടെ പരിശ്രമംകൊണ്ടു സാരമായഫലമൊന്നുമുണ്ടായിട്ടില്ലെന്നു പറയുവാൻ എന്നെ നിർബന്ധിക്കുന്നു. യഥാർത്ഥജനപ്രതിനിധികളുടെ കൃത്യം ദുഷ്കരമാണ്. ഉദ്യോഗസ്ഥവൃന്ദത്തിനു രസിക്കാത്തഭരണവൈകല്യങ്ങളെപ്പററിയ പ്രസ്താവങ്ങൾ ഞങ്ങളിൽനിന്നുവരും. അധികാരമാകുന്ന ആയുധം അവരിലുണ്ട്. ഞങ്ങൾ അസ്രൂങ്ങളുടെ മുനമേലാണ് തള്ളുന്നതു. എന്നാൽ മുറിപ്പെടാതിരിക്കുവാൻ പ്രയാസം. പക്ഷെജനങ്ങൾക്കു ഗുണമുണ്ടായിരുന്നെങ്കിൽ, ഞങ്ങൾപറയുന്നതിനെ ഗവർമെൻറു ശ്രദ്ധിച്ചിരുന്നെങ്കിൽ, ഞങ്ങൾക്കു സമാധാനമുണ്ടായിരുന്നു. ഉദ്യോഗസ്ഥവിദ്വേഷവും പ്രതികാരവും മാത്രമാണു ഫലമെങ്കിലും, കൃത്യം ചെയ്തതന്നെ.

ഫാമതായി ലാൻറുറവന്യൂ വകുപ്പിനെപ്പററി ചിലതു പറയാം. അതു കൃഷിക്കാരുടെ വകുപ്പാണെല്ലൊ. ദിവാൻ വി. പി. മാധവറാവുവിൻെറ കാലത്തു് സർവ്വേ കാലദൈർഘ്യംകൂടാതെ നടത്തണമെന്നു ഒരു ആജ്ഞ പുറപ്പെടുവിച്ചു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഉത്തരതിരുവിതാംകൂറിൽ മുൻ റിക്കാഡുകാര്യം ഒന്നും അധികം നോക്കാതെയും ആവലാതികാര്യം വേണ്ടപോലെ കേൾക്കാൻ സമയംഇല്ലാതേയും, ദ്രുതഗതിയിൽ സർവ്വേ നടത്തി. കാട്ടും പാറയും കുന്നുംതടവുമായിട്ടുള്ള വടക്കൻതാലൂക്കുകളിൽ പാറപുറമ്പോക്കു തോട്ടപുറമ്പോക്കു ഇങ്ങനെ പതിവുസ്ഥലങ്ങളേയും ഉൾപ്പെടുത്തി തിരിച്ചിട്ടു. നിലങ്ങളുടെ മദ്ധ്യത്തുക്രമേടിയായിരിക്കും മലയോരങ്ങളിലെ വയലുകളിൽ ചില കാട്ടുഭാഗികാര്യം ഒഴുകുന്നതു. അതു ചില സ്ഥലങ്ങളിൽ വീതിക്കൂടിയും ചില സ്ഥലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitommen.]

ളിൽ വീതികുറച്ചും പ്ലാനിൽ പുറംപോക്കാക്കി എടുത്തിരിക്കും. എന്നാൽ തിരിച്ചറിയാൻ സ്ഥലത്തു ലക്ഷ്യങ്ങൾ ഇല്ലായിരിക്കും. പുറംപോക്കാണെന്നറിയാതെ അതിനടുത്തുള്ള നിലമോപുരയിടമോ സാധു കൃഷിക്കാരൻ നന്നാക്കുമ്പോൾ സ്വല്പംവല്ലതും ആ പുറമ്പോക്കിൽകടന്നു എന്നുവരാം. അതുകൊണ്ടു പൊതുജനങ്ങൾക്കു യാതൊരു ദോഷവുമില്ല. ഗവർമെൻറിനു നഷ്ടവുമില്ല. പതിച്ചുകൊടുക്കേണ്ടതേയൊള്ളു എന്നാൽ കേസെടുത്തു ഭയങ്കരമായ നിരക്കുള്ള കരവും കടിശിഖയും പിഴയും ഈടാക്കി ഒഴിപ്പിച്ചുവരുന്നു. നിയമം അനുവദിക്കുന്നതിൽ വളരെ മടങ്ങു കൂടുതലായ നിരക്കിനുള്ള നിരോധനക്കരമാണു് ചുമത്തുന്നതു. ഈ പുറംപോക്കുവിഷയത്തിൽ വടക്കൻതാലൂക്കുകളിൽ പൊതുവേയും മൂവാറ്റുപുഴതാലൂക്കിൽ പ്രത്യേകിച്ചും ഭയങ്കരമായ വിധമുള്ള പ്രജാപീഡനം റവന്യൂവകുപ്പിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നുഎന്നു ഞാൻ ഇവിടെ തുറന്നു പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ക്ഷാമംകൊണ്ടു കൃഷിക്കാർ കഷ്ടപ്പെടുകയാണു്. മിഥുനം, കർക്കടകം ഈ മാസങ്ങളിലാണു് അധികം ക്ഷാമമുള്ളതു്. കഴിഞ്ഞമകരത്തെക്കായ്ത്തു കാലത്തുകിട്ടിയതു മിക്കവക്കും തീർന്നുപോയി. കന്നിമാസത്തിൽ കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നതു് ഒട്ടേറെവെള്ളവുംകൊണ്ടുപോയി. എന്റെ നിയോജകമണ്ഡലത്തിലെ സ്ഥിതിപറയുകയാണെങ്കിൽ നിലം കൃഷിയല്ലാതെ തെങ്ങും മുളകുമവിടെയില്ല. ജനങ്ങൾ വളരെ കഷ്ടപ്പെടുകയാണു്. അവരെയാണു് റവന്യൂക്കാർ അതേ കൃഷിക്കാരുടെ രക്ഷയെകരുതേണ്ടവർ നിയമവിരോധമായി പീഡിപ്പിക്കുന്നതു. പൊതുജനങ്ങളുടെയൊ ഗവർമെൻറിൻറയോ ആവശ്യത്തിനുള്ളതോ പട്ടണത്തിലുള്ളതോ ആയ പുറംപോക്കല്ലാ കൃഷിചെയ്യുന്നതുകൊണ്ടും പതിച്ചുകൊടുക്കുന്നതുകൊണ്ടും വിരോധമുള്ളതു പതിക്കണമെന്നു ഞാൻ പറയുന്നില്ല. അവ ഒഴിപ്പിച്ചുകൊള്ളട്ടെ. എന്നാൽ നിയമപ്രകാരമുള്ള നിരോധനക്കരവും കടിശിഖയുമല്ലേ ചുമത്തേണ്ടതു. മൂവാറ്റുപുഴ താലൂക്കിൽ നിലങ്ങൾ ഏ-ം ഏനു-ം തരങ്ങളാണു്. അയൽവസ്തുവിന്റെ നിരക്കിൽ അഞ്ചുമടങ്ങുകൂടുമേവക്കുന്നതിനു പുറംപോക്കു ചട്ടമനുവദിക്കുന്നുള്ളു. അഞ്ചുമടങ്ങുവരെയാകാം. എന്നല്ലാതെ അഞ്ചുമടങ്ങു ചുമത്തിക്കൊള്ളണമെന്നു നിബന്ധമില്ല. ഇങ്ങനെ ഏ-ാംതരത്തിനു നു രൂ. വു ചക്രമാണു്. ഒരേക്കറിനുകരം അഞ്ചുമടങ്ങു കൂട്ടുമ്പോഴും ഏ ൫ രൂപായിൽ താഴെവരുന്നൊള്ളു. എന്നാൽ മിക്കതിലും ഏ ൦ ൦ - രൂപായും

LIBRARY ARCHIVES Kerala Legislative Assembly

പലതിലും ഏറ്റിൽഇരുപതും ഇരുപാവരെ ചുമത്തുകയും അവയുടെ അഞ്ചി രട്ടികൂടിശിഖയോടെ ഈടാക്കയും ചെയ്യുന്നു. ഇതു ഞാൻ സൂക്ഷ്മമായി കൃ ഷിക്കാരിൽനിന്നും നേരിട്ടുഅറിഞ്ഞുപറയുന്നതാണു്. അവക്കു വന്നിട്ടുള്ള നോട്ടീസുകളും പണം ഒടുക്കി രസീതുകളും ചിലർ എന്നെക്കാണിച്ചു അവ ഞാൻ എഴുതിഎടുത്തിട്ടുണ്ടു്. ചില പകുതികളിലെ മൂന്നും നാലും വീതം ഇവിടെ ഞാൻവായിക്കാം.

പകുതി	കേസ് നമ്പർ	സർവ്വെനമ്പർ	വിസ്തീർണ്ണം ഏക്കർ.	നിരീക്ഷണക്കരം രൂ. ച. കാ.	കടിശ്ശിവുക രൂ. ച. കാ.	പിഴ രൂ.	ആകെ രൂ. ച. കാ.
ഇരുമല്ലൂർ	1104/386	62/6-B	3	4 11 12	22 12 2	5	31 14 8
,,	1104/381	144/2	7	10 8 12	51 15 12	5	66 24 8
,,	1104/382	104/2	15	22 2 12	110 13 12	5	137 16 8
,,	1104/385	1/1-A	8	11 22 0	58 26 0	10	80 20 0
കോതമംഗലം	1104/489	1381/3-A	40	39 8 0	196 12 0	3	238 20 0
,,	1104/338	278/1	16	15 20 0	47 4 0	25	87 24 0
കുട്ടമംഗലം	1104/307	388/2	35	34 10 8	171 24 8	25	231 7 0
,,	1104/295	373/6	33	32 11 8	161 1 8	15	209 13 0
,,	1104/306	38 82	34	33 11 0	166 27 0	0	200 10 0

ഇങ്ങിനെ അനേകം ഉദ്ധരിക്കുവാൻ കഴിയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

സെൻറിനു ക്രൂപ വ്യവക്രം കരം വച്ചിരിക്കുന്നു. അപ്പോൾ ക ൦ ൦ സെൻറിനു (ഒരേക്കറിനു) നിരോധനകരം ക ൪ ൦ രൂപയോളം കണക്കാക്കപ്പെടാം. ഇതു വളരെ ഭയങ്കരമായ ഒന്നല്ലയോ? നിയമത്തിൽ നിന്നു എത്ര ദൂരം പോയിരിക്കുന്നു. ഞാൻ വായിച്ചതുശരിയാണോ എന്നു ഉടനെ അന്വേഷിക്കണം. നോട്ടിസുകളും രസീതുകളുംകൊണ്ടു ശരിയെന്നു ഞാൻ തെളിയിക്കാം. അവ വേണമെങ്കിലയച്ചുതരാം. പലരും പണം കെട്ടാൻ നിവൃത്തിയില്ലാതെ കെട്ടാതിരിക്കയാണു്. ചിലർ കാളയെ വിറ്റും വീടും നിലവും പണയപ്പെടുത്തിയും കെട്ടി. ആളൊന്നിനു ക ൪ ൦ -ം, ക ൦ ൦ -ം, ക ൫ ൦ -ം, രൂപാ വീതം മിയ്ക്ക കൃഷിക്കാരും കെട്ടണം.

MR. MATHEW MURIKKAN (*Vaikom*): ഏതെങ്കിലും കേസ്സുകളിൽ അപ്പീൽ കൊടുത്തിട്ടുള്ളതായറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അപ്പീൽ കൊടുക്കാൻ ഈ കൃഷിക്കാരിൽ ആയിരത്തിൽ ഒരാൾക്കു സാധിക്കയില്ല. അവർ അത്രമാത്രം സാധുക്കളാണു്. ഞങ്ങളുടെ താലൂക്കിൽ നിന്നും ൫ ൦,൦ ൦ ൦ രൂപായിലധികം പുറമ്പോക്കുകേസ്സുകളിൽ ഈയ്യാണ്ടു കാണുമെന്നു ഞാൻ വിചാരിക്കുന്നു. കണക്കു തരുവാൻ ഞാൻ ഈ കൌൺസിലിൽ ചോദിച്ചിരിക്കയാണു്. ഭയങ്കരമല്ലയോ ഇതു്! കൃഷിക്കാർ എന്തു ചെയ്യും?

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*): പുറമ്പോക്കു പതിച്ചു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പൊതുജനോപയോഗത്തിന്നാവശ്യമുള്ളവ ഒരിക്കലും പതിക്കരുതു. അങ്ങിനെ അല്ലാത്ത പുറംപോക്കു പതിച്ചുകൊടുക്കുകതന്നെ വേണം. അവയാണു ഞങ്ങളുടെ താലൂക്കിലെ അധികവും. എന്നാൽ ഒഴിപ്പിക്കുന്നതിൽ സാധുക്കളായ കൃഷിക്കാരെ നിയമത്തിനപ്പുറമായി ഉപദ്രവിക്കരുതെന്നേ ഞാൻ പറയുന്നുള്ളു. പതിച്ചുകൊടുക്കയില്ലെങ്കിൽ വേണ്ട. റവന്യൂക്കാർ സാധുക്കളും വിദ്യാഭ്യാസമില്ലാത്തവരുമായ കൃഷിക്കാർ അവരുടെ നിലങ്ങളെ നന്നാക്കാൻ ശ്രമിച്ച മൂലം സർവ്വസ്വവും അപഹരിച്ചു കൂടി കെടുത്താതിരുന്നാൽ മതിയായിരുന്നു. ഈ വിധ ജനോപദ്രവത്തെപ്പറ്റി കഴിഞ്ഞ ധനുമാസത്തിൽ കമ്മീഷണർ സക്കീട്ടുവന്നപ്പോൾ പഴയ മൂന്നുപ്രജാസഭ മെമ്പർമാരും ഇക്കൊല്ലത്തെ പ്രജാസഭാ മെമ്പറും ഞാനും ചേർന്നു ഒരു മെമ്മോറിയൽ കമ്മീഷണർക്കു കൊടുക്കയും പ്രവേശനമില്ലാതെ കേസെടുത്തു ശിക്ഷിച്ച സ്ഥലം വഴിക്കരികെയുള്ളതു നോക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു പറകയും ചെയ്തു. എന്നാൽ അതു നോക്കിയില്ല. ആ മെമ്മോറിയലിൽ റവന്യൂ സംബന്ധമായ പല അനീതികളും ചൂണ്ടിക്കാണിച്ചിരുന്നു. റവന്യൂ കമ്മീഷണർ ജനങ്ങളോടു മര്യാദയോടെ അടുത്തു പെരുമാറുന്ന ആളാണ്. ദയാലുവുമാണ്. എങ്കിലും ഗവണ്മെൻറാദായത്തെ സംബന്ധിച്ചു കാര്യമാകയാലായിരിക്കാം ജനസങ്കടത്തിനു പരിഹാരം ഉണ്ടാക്കാഞ്ഞതു. ഗവണ്മെൻറിനു പണം കിട്ടുന്ന കാര്യമായാൽ ഉദ്യോഗസ്ഥന്മാർ അതിൽ അനീതിയുണ്ടോ എന്നു നോക്കുക സാധാരണമല്ല. പുതുവൽ ചട്ടം ക വ്യ–ാം വകുപ്പിൽ സ്ഥിരദേഹണ്ഡം ഉണ്ടെങ്കിൽ ആ ഭൂമി പതിച്ചുകൊടുക്കണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഭൂമികൾക്കുതന്നെ പതിച്ചു കൊടുക്കാമെന്നു വയ്ക്കുന്നതു നാട്ടുനടപ്പുള്ള വിലയിൽ അഞ്ചോ ആറോ ഇരട്ടി തറവില വയ്ക്കും. അപ്പോൾ പതിച്ചേറ്റില്ലെങ്കിൽ ദേഹണ്ഡം ഉപേക്ഷിക്കണം. പതിക്കാമെന്നു വച്ചാൽ ആ സ്ഥലത്തിന്റെ വിലയിൽ പല മടങ്ങു കൂടുതൽ കെട്ടണം. സാധുക്കൾ എന്തുചെയ്യും! ഇങ്ങനെയുള്ള ചില സ്ഥലങ്ങളെ സാധുക്കൾ രണ്ടും മൂന്നും ഏക്കറായി ദേഹണ്ഡിച്ചു് കാട്ടുമുറങ്ങളിൽ വീടുവച്ചു താമസിച്ചുവരുന്നതിനു ഏക്കറിനു ൨൦൦ രൂപാ വീതവും മറ്റും തറവിലവച്ചിരിക്കുന്നതുകമ്മീഷണരെ സക്കീട്ടിൽ ഞങ്ങൾ കാണിച്ചു കൊടുത്തു. തെങ്ങും മുളകും ഉണ്ടാകുന്ന പ്രദേശങ്ങളല്ല മുവാറ്റുപുഴയും കുന്നത്തുനാട്ടും ഉള്ളതു്. അവിടെ ഭൂമിക്കു ൨൫–൫൦–രൂപയാണു് ഏക്കറിനു ലേലത്തിൽ കിട്ടാറു്. കുടിക്കുടി വില്ക്കുന്ന വിലയും ഏകദേശം ഇതുതന്നെ. എന്നാൽ ദേഹണ്ഡം ചെയ്തുപോയാൽ തറവില വയ്ക്കുന്നതിൽ യാതൊരു ന്യായവുമില്ല. പത്തനാപുരം കുന്നത്തൂർ മുതലായ താലൂക്കുകളിലെ സാധാരണ തറവിലയാണു് മുവാറ്റുപുഴയും ഉള്ളതു. ഭൂമിയും അതുപോലെതന്നെ. എന്നാൽ ഗവണ്മെൻറു ചട്ടത്തിൽ വിശ്വസിച്ചുദേഹണ്ഡിച്ചുവക്കു അന്യായ തറവിലയാണു് ഇപ്പോൾ ചുമത്തുന്നതു് തരിശിനെപ്പറ്റി ഞാൻ തറവില ക്രൂടതലെന്നു പറയുന്നില്ല. അതു ലേലത്തിൽ വിറ്റുകൊള്ളട്ടെ. ഈടാക്കാവുന്നിടത്തോളം ഈടാക്കട്ടെ. ദേഹണ്ഡഭൂമിയെ സംബന്ധിച്ചു് ഈ വിധം ആയാൽ സാധുക്കൾ കഷ്ടപ്പെടും. ഇപ്പോഴത്തെ നിലയ്ക്കു പുതുവൽ റൂൾസ് ക വ്യ–ാം വകുപ്പു സാധുക്കൾക്കു് കഷ്ടതയുണ്ടാക്കുന്നു എന്നും അതിൽ പറഞ്ഞിട്ടുള്ള പ്രകാരം ദേഹണ്ഡിച്ചുപോയെങ്കിൽ ഉപേക്ഷിക്കാനും പതിച്ചേല്പിക്കുവാനും നിവൃത്തിയില്ലാതെ ജനങ്ങൾ കഷ്ടപ്പെടേണ്ടിവരുമെന്നും ഉള്ളതിനു മുവാറ്റുപുഴതാലൂക്കിലെ വടക്കൻ പകുതികളിൽ നടക്കുന്ന സംഭവങ്ങൾ ഉദാഹരണ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാണ്. ജനങ്ങളെ കഷ്ടപ്പെടുത്തിയും നിയമത്തെ ദുരുപയോഗപ്പെടുത്തിയും റവന്യൂവകുപ്പുകാർ പണം സംഭരിക്കുന്നതിനു ശ്രമിക്കുന്നു. ഗവണ്മെൻറു ഇതിനെ തടയണം. ഗവണ്മെൻറു ചട്ടത്തെ വിശ്വസിച്ചു അയൽഭ്രമിയുടെ തറവിലക്കു പതിച്ചു കിട്ടുമെന്നു വിശ്വസിച്ചു ദേഹണ്ഡിച്ചു സാധുകൃഷിക്കാരനെ വീടും ദേഹണ്ഡവുമുപേക്ഷിച്ചിറക്കിവിട്ട മുതൽ വളിപ്പിക്കുവാൻ റവന്യുക്കാർ ശ്രമിക്കുന്നതെന്തൊരു കഷ്ടമാണു! ഇങ്ങനെ കൃഷിക്കാരെ ബുദ്ധിമുട്ടിച്ചു കിട്ടുന്ന വരുമാനത്തെ ഗവണ്മെൻറാശിക്കരുതു്. പണം ഒരു സാധ്യത്തിനുള്ള സാധനമാണല്ലൊ. ജനങ്ങളുടെ ക്ഷേമത്തെ പരിരക്ഷിക്കുന്നതിനുള്ള ഒരുപകരണം മാത്രമാണു് ഗവണ്മെൻറു ധനം. ജനക്ഷേമം പണത്തിനായി ബലി ചെയ്യരുതു. ഗവണ്മെൻറു വല്ല കച്ചവടകമ്പനിയോ മറെറാ ആയിരുന്നാൽ ഇപ്രകാരമുള്ള ധനസമ്പാദനത്തിൽ അധികം ആക്ഷേപിക്കാനില്ല. എങ്കിലും അവിടെയും ന്യായം നോക്കണം.

പകൃതിയിലും, താലൂക്കിലും, ഡിവിഷനിലും പല അഴിമതികളും നടന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾക്കു കൃഷിയല്ലാതെ ഒരു തൊഴിലുമില്ല നിവൃത്തിയില്ല. ജനം വളർന്നുവരുന്നതനുസരിച്ചു കൃഷിസ്ഥലം അംശിച്ചും ശിച്ചു നാൾക്കുനാൾ ഓരോരുത്തരുടെ പങ്കു കുറഞ്ഞുവരികയാണു്. ദാരിദ്ര്യത്തിലേക്കു തൻനിമിത്തം പാഞ്ഞുകൊണ്ടിരിക്കുന്ന കൃഷിക്കാരെ ഗവണ്മെൻറും ഉപദ്രവിച്ചാൽ അവക്കെന്തു രക്ഷ. ഏറ്റവും അഴിമതി നടക്കുന്ന വകുപ്പുകളിലൊന്നാണു് റവന്യൂവകുപ്പു്. എവിടെയും കൈക്കൂലിയും വർഗ്ഗീയപക്ഷപാതവും ഈ വകുപ്പിൽ നഗ്നമായി കാണാം ഇതിനു പുറമേ ഓരോ തഹശീൽദാരന്മാരും അവരവരുടെ താലൂക്കുകളിൽ കൂടുതൽ ആദായം കാണിച്ചും പ്രമോഷൻ കിട്ടണമെന്നാഗ്രഹിക്കുന്നു. അതിനായിട്ടു മഹാറാണി റീജൻറു തിരുമനസ്സിലെ രാജഭക്തരായ പ്രജകളെ ക്രമത്തിലധികം ഉപദ്രവിക്കുന്നു. ഈ വകുപ്പിൽ ഉദ്യോഗകൃത്യങ്ങളിലെന്നപോലേ ഉദ്യോഗനിയമനങ്ങളിലും ഭയങ്കരമായ അഴിമതികൾ നടന്നു വരുന്നുണ്ടു്.

ദേവസ്വം റവന്യൂ വിഭജനം നടന്നിട്ടു ഏഴുകൊല്ലക്കാലമായി. ഞാൻ ഉൾപ്പെട്ടന്ന ജനവിഭാഗം കത്തോലിക്കർ, നായർ ലക്ഷത്തോളം ഉണ്ടു്. അതിൽനിന്നും ഒരു പ്രവൃത്തികാരാണു് ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ളതു്. അതും ഇന്നുള്ള പേഷ്കാരന്മാർ ആരും നിയമിച്ചിട്ടുള്ളതല്ല. മഹാദേവയ്യർ ആക്ടിംഗ് പേഷ്കാരായിരുന്നപ്പോൾ നിയമിച്ചതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥനിയമനവിഷയം ഈ മാതിരിയാണ്. ഇതിനു കമ്മീഷണർ തന്നെ ഉത്തരവാദിയാണെന്നു ഞാൻ പറയുന്നില്ല. കീഴിലുള്ളവരാണു സാധാരണ ഉദ്യോഗസ്ഥനിയമനം നടത്തുന്നതു്. അവരെ ശരിയായി നിയന്ത്രിക്കുന്നതിനു അദ്ദേഹം കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണു്.

മറ്റൊരു വകുപ്പിനെപ്പറ്റി പറയാനുള്ളതു പബ്ലിക്ക് വർക്ക്സ് വകുപ്പിനെപ്പറ്റിയാണു്. ഗണ്യമായ തുകകൾ ഒന്നുംതന്നെ ഇക്കൊല്ലത്തിൽ ഞങ്ങളുടെ താലൂക്കിലേക്കനുവദിച്ചിട്ടില്ല. പതിനായിരം പതിനായിരം രൂപായോളം ഞങ്ങൾക്കായിട്ടു ബഡ്ജറ്റിൽമുമ്പു മൂവാറ്റുപുഴക്കും തൊടുപുഴക്കുമായി ചേർക്കാറുണ്ടു്. എന്നാൽവർഷാവസാനത്തിൽ ലാപ്സാകയാണു് അതിന്റെ ഗതി. റവന്യൂക്കാർ ഭൂമിവിട്ടുകൊടുക്കാത്തതുകൊണ്ടാണു് വേലകൾ നടത്താത്തതു് എന്നു അവർ പറയുന്നുണ്ടു്. സ്ഥലം എടുക്കേണ്ട വിവരങ്ങൾ ശരിയായവിധത്തിൽ എഴുതി അയയ്ക്കാത്തതുകൊണ്ടാണു് സ്ഥലം ഒഴിപ്പിച്ചു കൊടുക്കാത്തതു് എന്നു റവന്യൂഡിപ്പാർട്ടുമെൻറുകാരും പറയുന്നുണ്ടു്. ഇതാരുടെ തെറ്റായാലും ഞങ്ങൾക്കു റോഡു കിട്ടുന്നില്ല. ആ തുക ഉപയോഗപ്പെടുന്നുമില്ല.

മൂവാറ്റുപുഴ-തൊടുപുഴ താലൂക്കുകളിലേക്കു റോഡുകൾക്കനുവദിക്കുന്ന തുക പല കൊല്ലങ്ങളായി ലാപ്സായിക്കൊണ്ടിരുന്നിട്ടും ഗവണ്മെൻറു ശ്രദ്ധിക്കാത്തതു കഷ്ടംതന്നെ. അടുത്തകൊല്ലത്തേക്കു പുതിയറോഡിനു മൂവാറ്റുപുഴ-തൊടുപുഴ താലൂക്കുകൾക്കു ൪൦൦൦ രൂപാ മാത്രമാണു് പുതിയ റോഡിനു ചേർത്തിട്ടുള്ളതു. ഇതൊട്ടും പോരാത്തതാണു്. ഇതും മറ്റുള്ളവയോടു കൂടി ഈയാണ്ടു ലാപ്സായിപോകാതിരിക്കാൻ ഗവണ്മെൻറിൽനിന്നുംപ്രത്യേകം നിഷ്കർഷിക്കണം. ചീഫ് എൻജിനീയർ നല്ല ഉദ്ദേശമുള്ള ആളാണെന്നാണു് ജനാഭിപ്രായം. ചന്ദ്രനെ കാർമ്മേഘപടലമെന്നപോലെ അദ്ദേഹത്തിൻറെഗുണങ്ങളെമറയ്ക്കാൻ ഇരിക്കുന്ന കീഴുദ്യോഗസ്ഥന്മാരിൽനിന്നു അദ്ദേഹം ഒഴിയണം. പട്ടിണികിടക്കുന്നവരുടെ മുമ്പിൽ അവർക്കായിട്ടു വിളമ്പിവച്ചിരിക്കുന്ന ആഹാരം എടുത്തുകൊണ്ടുപോകുന്നതുപോലെയാണു് ഞങ്ങൾക്കനുവദിക്കുന്ന റോഡു വെട്ടാതെ പണം ലാപ്സാക്കുന്ന ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതു്.

ഇനിയും പല വിഷയങ്ങളും പറയണമെന്നു വിചാരിക്കുന്നുണ്ടു്. അവ ഉപക്ഷേപങ്ങൾവഴിയാകാം. ഉദ്യോഗസ്ഥന്മാരുടെ ജനോപദ്രവം ക്രമത്തിലധികമാണെന്നു ഞാൻ മുമ്പു സൂചിപ്പിച്ചല്ലോ. ജനങ്ങളുടെ ഒന്നാമത്തെയും ൨-ാമത്തെയും ൩-ാമത്തെയും ൪-ാമത്തെയും അപേക്ഷ ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങളിൽ നിന്നും (വർഗ്ഗീയപക്ഷപാത

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatn Kunjitommen]

ത്തിലും കൈക്കൂലിയിലും നിന്നു ഞങ്ങളെ രക്ഷിക്കണേ എന്നാണു്. സകല അധികാരങ്ങളും ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണു്. പലതരത്തിലും അവരെപ്പറ്റി സംസാരിക്കുന്നതിനു സൂക്ഷിക്കണം. പല കഷ്ടതകളും സങ്കടങ്ങളും ചുമലിൽ വലിച്ചു കയറുകയാണു് ജനപ്രതിനിധികൾ കായ്ങ്ങൾ തുറന്നു പറയുന്നതുകൊണ്ടു ചെയ്യുന്നതു. ഇതിൽ പലക്കും രുചിക്കാത്തഭാഗം ഞങ്ങൾ പറയേണ്ടിവരുന്നു.

"ക്ഷുരസ്യ ധാര നിശിതാദുരത്യയാ
ദുർഗ്ഗം പഥം തൽ കവയോ വദന്തി".

എന്നിങ്ങനെ ആയുർഷികൾ പറഞ്ഞിട്ടുള്ളതു ജനപ്രതിനിധികളുടെ പ്രവർത്തിമാർഗ്ഗത്തേപ്പറ്റിയാണോ എന്നു തോന്നും. വാളിന്റെ മൂച്ചയുള്ള വാൾത്തലയിൽക്കൂടി നടക്കുന്നതുപോലെ ദുഷ്കരമായതാണു ആ മാർഗ്ഗംഎന്നു് പ്രാജ്ഞന്മാർ പറയുന്നു എന്ന ഉപനിഷദ് വാക്യം ഓർമ്മയിൽവരുന്നു. ജനപ്രതിനിധികളായ ഞങ്ങൾക്കു പറയുന്നതിനുമാത്രമേ അധികാരമൊള്ളൂ; അനീതിയെ നിർത്തുവാനില്ല. ഓരോ ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറിന്റെ അധികാരവാഹികളാണു്. മനുഷ്യ സാധാരണമായ വികാരങ്ങളുള്ളവരുമാണു്. ഞങ്ങളും അധികാരത്തിനു വിധേയരാണല്ലോ. സ്തുതിയാണു് മനുഷ്യക്കു അധികമിഷ്ടമുള്ളതെന്നു ഞങ്ങൾക്കറിയാം. എന്നാൽ കൃത്യം എന്നൊന്നു ഞങ്ങളെ അതിൽനിന്നു വലിച്ചുമാറ്റുന്നു. ഉദ്യോഗസ്ഥന്മാരിൽ വലിയ പങ്കും അഴിമതിക്കാരാണു്. വലിയ ഉദ്യോഗസ്ഥന്മാരിൽ പലരും ഇതു നിർത്തുവാൻ ശ്രമിക്കുന്നില്ല. കൈക്കൂലി വാങ്ങുന്നതു നേരേ അവർ കാണുന്നില്ലായിരിക്കും. എങ്കിലും അവക്കറിയാം. കണ്ണിനടുത്തിരിക്കുന്ന മൂക്കുകാണാൻവയ്യെങ്കിലും സ്പർശിച്ചറിയാം. കണ്ണാടിയിൽ കാണുകയുംചെയ്യാം. കീഴുള്ളവരുടെ കൈക്കൂലി അവരെ സൂക്ഷിച്ചു പരിശോധിച്ചുകൊണ്ടിരുന്നാൽ നേരിട്ടറിയാം. സക്കീട്ടിൽ അന്വേഷിച്ചാൽ പൊതുജനാഭിപ്രായമാകുന്ന കണ്ണാടിയിൽ കണ്ടറികയും ചെയ്യാം. ഗവണ്മെൻറിന്റെ ശ്രദ്ധ ഇതിലെല്ലാം പതിയണം.

MR. V. J. OOMMEN (*Commerce and Industry, North*): ഫിനാൻസ് മാണ്ടത്തെ ബഡ്ജറും ഫൈനാൻഷ്യൽ സെക്രിട്ടറിയുടെ പ്രസംഗവും ശ്രദ്ധാപൂർവ്വം വായിച്ചു. മിച്ചംകാണിച്ചുള്ള ഒരു ബഡ്ജറാണു് ഫൈനാൻഷ്യൽസെക്രിട്ടറി അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ആയതു് ഒരു തരത്തിലും ആശാസ്യമൊ തൃപ്തികരമൊ ആയിരിക്കുന്നില്ല. ഇതിനുള്ള സർവ്വപ്രധാനമായ ഒരു കാരണം ഉത്തരവാദിത്വത്തോടുകൂടി ചുമതലയേറിയ ഈ കൃത്യം നിർവ്വഹിക്കുവാൻ സ്ഥിരമായി ചുമതലപ്പെട്ട ഒരു ഫൈനാ

LIBRARY ARCHIVES Kerala Legislative Assembly

ൻഷ്യൽസെക്രിട്ടറി അല്ലെങ്കിൽ അക്കൌണ്ടാഫീസർ ഈ കഴിഞ്ഞ ഏതാനും മാസങ്ങളായി ഈ സംസ്ഥാനത്തില്ലാതിരുന്നതാണെന്നുള്ള ഏറ്റവും നഗ്നമായ പരമാർത്ഥത്തെ ഇവിടെ തുറന്നതന്നെ പ്രസ്താവിച്ചു കൊള്ളുന്നു.

അടുത്ത ആണ്ടത്തെ ബഡ്ജറിൽ മൂന്നുലക്ഷത്തിൽ പരം രൂപാ ചിലവുകഴിച്ചു മിച്ചം ഉണ്ടായിരിക്കുന്നതാണെന്നുകാണുന്നു. എന്നാൽ ഇപ്രകാരം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ഏതാണ്ട് അഭിനന്ദനീയമെന്നവണ്ണം ഒരു മിച്ചം ബഡ്ജറിൽ കാണിച്ചിരിക്കുന്നതു് രാജ്യത്തെ വരവു ചിലവിനങ്ങളെ സംബന്ധിച്ചുള്ള പൂർണ്ണമായ ജ്ഞാനത്തേയൊ ദീർഘലോചനയേയോ ഭരണീയരുടെ യഥാർത്ഥമായ ക്ഷേമത്തേയൊ അഭിവൃദ്ധമാക്കിയല്ലെന്നു് കാണുന്നതു് അത്യന്തം ശോചനീയംതന്നെ. ഗവണ്മെൻറിന്റെ പ്രധാന മുതലെടുപ്പു് ഡിപ്പാർട്ടുമെൻറുകളിൽ പലതിലേയും വരവുകഠം കഴിഞ്ഞ എതാനും സംവത്സരങ്ങളായി ഒരേനിലയിൽതന്നെ ഇരിക്കുകയും അടുത്ത ഭാവിയിൽ ഈ സ്ഥിതിക്കു എന്തെങ്കിലും അന്തരം ഉണ്ടാകുമെന്നു് ആശിക്കുവാൻ തരമില്ലാതിരിക്കുകയും ചെയ്യുന്നു. മിക്കവാറും ഒരേനിലയിൽ തന്നെ നില്ക്കുന്ന ഈ വരവു ഈടാക്കുന്നതിനുള്ള ചിലവാകട്ടെ ആണ്ടുതോറും ഒന്നിനൊന്നു വർദ്ധമാനമായിക്കൂടിക്കൊണ്ടുതന്നെ ഇരിക്കുന്നു. ഇങ്ങിനെ അവ്യവസ്ഥിതമായി ചിലവാക്കിക്കൊണ്ടിരിക്കുന്നതായാൽ ഏതാനും കൊല്ലങ്ങഠം കഴിയുമ്പോഠം ചിലവുവരവിനോളംതന്നെ അധീകരിക്കുകയില്ലയൊ എന്നുള്ള ഭീതി ജനിച്ചുപോകുന്നു. ഈ ക്രൂടതൽ ചിലവിനെ ഏതുയും ബുദ്ധിപൂർവ്വം നിയന്ത്രിക്കേണ്ടതു് അത്യാവശ്യംതന്നെ. ഇതിനുദാഹരണമായി സംസ്ഥാനത്തെ ഒരു അതിപ്രധാന ധനാഗമമാർഗ്ഗമായ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ എടുക്കാവുന്നതാകുന്നു. പ്രസ്തുതഡിപ്പാർട്ടുമെൻറിൽ ൧൯൦൫-ലെ വരവു ൨൫,൮൩,൮൮൯ രൂപായും ചിലവു് ൯,൭൪,൩൯൦ രൂപായും ആയിരുന്നതു് ൧൯൦൯-ൽ യഥാക്രമം വരവും ചിലവും ൨൮,൩൯,൩൦൦ രൂപായും ൭,൫൮,൯൨൫ രൂപായും ആയി കാണപ്പെടുന്നു. ഈ കണക്കിൽനിന്നും ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലെ വരവു ൧൯൦൫-ലെതിൽനിന്നും ൧൯൦൯ ആയപ്പോഠം സാരമായി വർദ്ധിച്ചിട്ടില്ലെന്നും ചിലവു താരതമ്യേന വളരെ അധികം വർദ്ധിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാവുന്നതാണു്.

ഗവണ്മെൻറിന്റെ മുതലെടുപ്പു വിഷയത്തിൽ സർവ്വപ്രധാനമായ മറെറാരു വകുപ്പു് എക്സൈസ്ഡിപ്പാർട്ടുമെൻറാണെല്ലൊ. ഈ ഡി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

പ്പാർട്ടുമെൻറിൽപെട്ട അബ്കാരി ശാഖയുടെ കഥ വളരെ ശോചനീയമെന്നെ പറയേണ്ടതുള്ളൂ. മദ്യപാനനിയന്ത്രണമാണ് അബ്കാരി വിഷയത്തിലുള്ള ഗവണ്മെൻറിൻെറ പരമമായ ആദർശവും നയവുമെന്നു പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഗവണ്മെൻറിൻെറ ഈ പ്രഖ്യാപിത നയവും ആദർശവും കടലാസിൽമാത്രമെ ഉള്ളൂ എന്നു തെളിയിക്കുവാൻ ഉദാഹരണങ്ങൾ എത്രവേണമെങ്കിലും പറയാനുണ്ട്. കഴിഞ്ഞയാണ്ടു മദ്യഷാപ്പുകൾ എക്സൈസ് കമ്മീഷണർ രാജ്യമൊട്ടുക്കു ചുറ്റി സഞ്ചരിച്ച വേലത്തിൽ വിറ്റതിൽ കുറുകുറിഎന്ന സ്ഥലത്തു് യാതൊരു ഷാപ്പും ഒരുത്തനും ലേലത്തിൽ പിടിക്കുവാൻ തയ്യാറായില്ല. മാത്രവുമല്ല, കള്ളും ചാരായവും ഞങ്ങൾക്കു "വേണ്ടേ വേണ്ട" എന്നു് ആവിടത്തെ നിവാസികൾ നമ്മുടെ ഗവണ്മെൻറിൻെറ നീതി നിപുണമായ സന്നിധാനത്തിൽ ഭക്തിബഹുമാനപുരസ്സരം കിഴിഞ്ഞപേക്ഷിക്കുകയും ചെയ്തതായിട്ടാണ് എൻെറ അറിവു്. എന്നാൽ മദ്യപാനനിയന്ത്രണത്തിൽ ബദ്ധശ്രദ്ധമാണെന്നു് എപ്പോഴും അഭിമാനിക്കാറും പ്രസംഗിക്കാറും ഉള്ള നമ്മുടെ എക്സൈസ് ഡിപ്പാർട്ടുമെൻറ് മനുഷ്യസ്നേഹികളായ ആരാലും അഭിനന്ദനീയമായ ഈ പൊതുജനാഭിപ്രായത്തേയും അഭിലാഷത്തേയും അഭ്യർത്ഥനകളേയും നിർദ്ദേഷം അവഗണിച്ചു് അവരെ എങ്ങിനേയും ഏതെല്ലാം പ്രലോഭനങ്ങൾ മൂലമായിട്ടെങ്കിലും മദ്യവിധേയരാക്കുവാൻ ഇപ്പോഴും തീവ്രമായ പരിശ്രമങ്ങൾ നടത്തിവരുന്നു. ജനങ്ങളുടെആദ്ധ്യാത്മികവും ശാരീരികവും സാന്മാർഗ്ഗികവുമായ ഉൽകർഷത്തെ അഭിലഷിക്കുന്ന ലോകത്തിലെ ഏതൊരു പരിഷ്കൃത ഗവണ്മെൻറിനാലും അംഗീകൃതമായ നയത്തിനും തിരുവിതാംകൂർ ഗവണ്മെൻറിൻെറതന്നെ പലപ്പോഴുമുള്ള പരസ്യപ്രഖ്യാപനങ്ങൾക്കും കടകവിരുദ്ധമായി ഈ ധർമ്മരാജ്യഗവണ്മെൻറു—പ്രജാവത്സലയും പാവനചരിതയുമായ മഹാറാണിറീജൻറുതിരുമനസ്സിലെ സദ്യയശസ്സിനേയും സർവ്വോപരി പ്രജാക്ഷേമത്തേയും കാംക്ഷിച്ചു ഭരണയന്ത്രനിയന്ത്രണം ചെയ്യേണ്ട ഒരു ഗവണ്മെൻറു—ജനങ്ങളെ മദ്യപാനത്തിനു പ്രേരിപ്പിക്കുകയും മൂഗീയമായി നിർബന്ധിക്കുകയും ചെയ്യുന്നതു അവരുടെ കേവലം വിചാരശൂന്യമായ ഭണ്ഡാരപോഷണാസക്തിയാലല്ലാതെ മറെറന്തുകൊണ്ടാണെന്നു ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനോടു തീവ്രമായ മനോവേദനയോടുകൂടി ചോദിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ്, റവന്യൂമുതലായ മറ്റു ഡിപ്പാർട്ടുമെൻറുകളോട് താരതമ്യപ്പെടുത്തുമ്പോൾ തല്ക്കാലനിലയിൽ അത്ര സാരമായിട്ടുള്ളതല്ലെന്നതോന്നിയേക്കാമെങ്കിലും ഭാവിയിൽ ഗവണ്മെൻറിൻെറ ഗണ്യമായ ഒരാദായമാർഗ്ഗമായി പരിണമിക്കുമെന്നു പരിഗണിക്കാവുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് ആദായനികുതിവകുപ്പ്. ഈ ഡിപ്പാർട്ടുമെൻറിലെ ഇന്നത്തെ ഉദ്യോഗസ്ഥന്മാരിൽ പലരും കച്ചവടക്കാരുടെകണക്കുകൾ പരിശോധിക്കുവാനുള്ള ശരിയായ പരിചയമൊ പരിശീലനമൊ സിദ്ധിച്ചിട്ടുള്ളവരല്ല. ഓരോകച്ചവടക്കാരൻറെയും വരവു മുന്നാണ്ടത്തെക്കാൾ കൂടുതലായിരിക്കുന്നുഎന്ന് ഇവർ അകാരണമായും മുൻകൂട്ടിയും തീരുമാനിച്ചുകൊള്ളുകയാണെന്ന് തോന്നിപ്പോകുന്നു. ഇപ്രകാരമുണ്ടാകുന്ന അകാരണവും ക്രമവിരുദ്ധവുമായ തീരുമാനങ്ങളെപ്പറ്റി അപ്പീൽകൊടുത്തു ആദായക്കൂടുതൽ ഇല്ലെന്നു ഒരു വിധിസമ്പാദിച്ചുകഴിഞ്ഞാൽ ആ വിധം ഒരു വിധിനഠംകിയ ആ അപ്പീലുദ്യോഗസ്ഥനെ ആദായനികുതികമ്മീഷണർ കഠിനമായി ശാസിച്ചുവരുന്നസമ്പ്രദായവും മനസ്ഥിതിയും. അതിന് പ്രേരകമായ സാഹചര്യങ്ങളും നിശ്ചയമായും ഗർഹണീയമായിട്ടുള്ളതാകുന്നു. ഏതൊരുവിധത്തിലെങ്കിലും മുന്നാണ്ടത്തേക്കാൾ ആദായം അധികം കാണിക്കണമെന്നൊരുനോട്ടം മാത്രമേ കമ്മീഷണർമുതൽ സകല ജീവനക്കാക്കുമുള്ളു. ഇതു സംബന്ധിച്ചുള്ള റഫ്രലേഷനിലെ ചില വകുപ്പുകളും ഓരോരുത്തർ അവരവരുടെ ഹിതാനുസരണം വ്യാഖ്യാനിച്ചുവരുന്നതായ സംഭവങ്ങളും അപൂർവമല്ല. എങ്ങിനെയായാലുംരാജ്യഭണ്ഡാരത്തിൻെറപൂരണത്തിന് തല്ക്കാലനിലയിൽ ഒട്ടും ആശാസ്യമല്ലാതേയും ജനക്ഷേമകരമല്ലാതേയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിനെ കച്ചവടക്കാർക്കു ഉപദ്രവകരമല്ലാത്ത ഒരു രീതിയിൽ പുനസ്സംഘടിപ്പിക്കേണ്ടതും പ്രസ്തുത ഡിപ്പാർട്ടുമെൻറിൽ നീതിയും നിപുണതയും എങ്ങിനെ എങ്കിലും ഇന്നത്തേക്കാൾ വർദ്ധിപ്പിക്കേണ്ടതും ഏറ്റവും അത്യാവശ്യമാകുന്നു.

സംസ്ഥാനത്തെ വരവിനങ്ങളെ സംബന്ധിക്കുന്ന ഡിപ്പാർട്ടുമെൻറുകളിൽ ചിലതിൻെറ മൊത്തത്തിലുള്ള ഭരണവും സ്ഥിതിയും മേൽപ്പറഞ്ഞതരത്തിലാണെങ്കിൽ ചിലവിനങ്ങളിൽപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ സ്ഥിതിയും ഭരണവും അതിലധികം ആക്ഷേപാർഹമായിരിക്കുന്നു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിനെതന്നെ ഇവിടെ ഒന്നാമതായി എടുക്കാം. കൃഷി, കച്ചവടം, വ്യവസായം ഇവവർദ്ധിപ്പിക്കുന്നതിന് ആവശ്യമായഗതാഗതമാർഗ്ഗങ്ങളുടെ നിവാരണവും സംരക്ഷണവും ഈ ഡിപ്പാർട്ടുമെൻറിൻെറ മുമതലയാണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

ല്ലൊ. ഈ തിരുവനന്തപുരത്തും വിദേശിയരുടെ രാജ്യമെന്ന് വിളിച്ചു വരുന്ന ഹൈറേഞ്ചിലും റോഡുകൾ പണിയിക്കുന്നതിലും നന്നാക്കുന്നതിലുമാണ് ഈഡിപ്പാർട്ടുമെൻറ് അതിന്റെ ശ്രദ്ധമുക്കാലും വിനിയോഗിച്ചു വരുന്നത്. ഉൾനാടുകളിലെ റോഡുകളുടെകാര്യത്തിൽ ഇതിൽപകുതി ശ്രദ്ധപോലും ഡിപ്പാർട്ടുമെൻറ് വച്ചിരുന്നു എങ്കിൽ തരക്കേടില്ലായിരുന്നു. എന്തായാലും ഈശ്രേഷ്ഠമായ സമ്പ്രദായത്തെ നമ്മുടെഗവണ്മെൻറും ഈ ഡിപ്പാർട്ടുമെൻറും അതിന്റെ ആവശ്യത്തിനും ഔചിത്യത്തിനും അനുസരണമായി ഭേദപ്പെടുത്തേണ്ടതാണ്. ആണ്ടുതോറും ഈ ഡിപ്പാർട്ടുമെൻറിലേക്ക് അനുവദിക്കുന്ന തുക ക്രമാക്രമീവരുന്നുണ്ടെങ്കിലും ആക്രമത്തിനേക്കാൾ ക്രമത്തിലായ തുകകൾ ആണ്ടുതോറും ചിലവാകാതെ ലാപ്സായിപ്പോകുന്നുണ്ടെന്നുള്ളത് ഈഡിപ്പാർട്ടുമെൻറിന്റെഅക്ഷപാർഹമായ ഒരു പ്രത്യേകതയാകുന്നു. ചിലവാക്കാൻ സാധിക്കുന്നില്ലെങ്കിൽ ബഡ്ജറിനെ പൊതുജനദൃഷ്ടിയിൽ ആകർഷണീയമാക്കുവാൻ വേണ്ടിമാത്രം ഈവകുപ്പിലേക്ക് പണമനുവദിച്ചിട്ട് ആവശ്യമൊ പ്രയോജനമൊ ഇല്ല. ഇപ്രകാരം പലതുകകളും ലാപ്സായി പോകുന്നതിനുള്ള കാരണം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധയും അശക്തിയും ആണെന്നുള്ളത് നിസ്തർക്കമാണ്. എങ്ങിനെയായാലും ഈഡിപ്പാർട്ടുമെൻറിനോ ഗവണ്മെൻറിനോ ഇതു ഒരു തരത്തിലും അഭിമാനകരമല്ലെന്നു മാത്രവുമല്ല ആക്ഷേപകരവുമാകുന്നു.

ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിനെക്കാൾ താരതമ്യേന ഒട്ടും അപ്രധാനമല്ലാത്ത ഒരു വകുപ്പാണ് മെഡിക്കൽ ഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറിന്റെയും ഇപ്പോഴത്തെ സ്ഥിതി പരിതാപകരം-അല്ലെങ്കിൽ പരിഭ്രമജനകംതന്നെയിരിക്കുന്നു. ആശുപത്രികളും ഡിസ്പെൻസറികളും ഗവണ്മെൻറു കടിക്കാക്ക് ചെയ്തിട്ടുള്ള ഒരു മഹാനന്മ തന്നെ. പക്ഷെ അവിടെ എങ്ങും നല്ല മരുന്നുകളൊന്നുമില്ല. അഥവാ ഉണ്ടെങ്കിൽ തന്നെയും അവ സാധുക്കളും സാധാരണന്മാരുമായ ജനങ്ങൾക്ക് കൊടുക്കുകയൊ അവക്ക് കിട്ടുകയൊ ചെയ്യുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം ഇതു മേൽ ഗഹനവും ഇതുമേൽ നിഷ്പ്രയോജനവും ആയിതീർന്നിട്ടുള്ളതു് ആ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്ന ത്രിമൂർത്തിഭരണം മൂലമാണെന്നുള്ളതു് ഒരു രഹസ്യമായ പരസ്യമാണ്. നിഷ്പ്രയോജനമായ ഈ ഭരണത്തെ എത്രയും വേഗത്തിൽ നിർത്തലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കഴിഞ്ഞ കൊല്ലം ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

ഒരുപക്ഷേപം പാസ്സാക്കി. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതു ജനപ്രതിനിധിസ്ഥാപനമായ ഈ സഭയുടെ ആ അഭിമതപ്രകടനംകൊണ്ട് എന്തു വിശേഷം ഉണ്ടായി? ഇനിയും ജനങ്ങളുടെ അഭിലാഷം സാധിതപ്രായമായി തീർന്നിട്ടില്ല. ഈ ഡിപ്പാർട്ടുമെൻറിന്റെ അപനയം ഒന്നിനൊന്ന് വഷളായും ദുസ്സഹമായും വരുന്നതെയുള്ളൂ. മെഡിക്കൽ വകുപ്പിന്റെ ഈ ബോർഡ് ഭരണം മാറിക്കളയാതെ ആഡിപ്പാർട്ടുമെൻറു കൊണ്ട് ഗവണ്മെൻറിന്റെ സദുദ്ദേശ്യത്തിനൊ ജനങ്ങളുടെ ആവശ്യങ്ങൾക്കോ അനുസരണമായ ഫലം ഉണ്ടാകുന്നതല്ല തന്നെ. ഇതിനും പുറമെ രാജ്യത്തെ ആശുപത്രികളിൽ ഉപയോഗത്തിനായി വരുത്തിയിരിക്കുന്ന മരുന്നുകളിൽ ചിലതു് തീരെ താഴ്ന്നതരത്തിലുള്ളതും വിലകുറഞ്ഞവയും മനുഷ്യരുടെ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളവയുമാണെന്നു ശരിയായ പരിശോധനക്ക് ശേഷം ഒരു വൈദ്യവിദഗ്ധൻ ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതായും കേൾക്കുന്നു. ഈ കേൾവിയിൽ പരമാർത്ഥം എത്രത്തോളം ഉണ്ടെന്നു് ഖണ്ഡിതമായി പറയാൻ തല്ക്കാലംനിവൃത്തിയില്ലെങ്കിലും ഗവണ്മെൻറു ഇതേപ്പറ്റി ഉടൻ അന്വേഷണം നടത്തി ഇതിനുത്തരവാദികളായവരെ കഠിനമായി ശിക്ഷിക്കേണ്ടതാണു്.

MR. MURUVELIL PACHU PILLAI (*Shertalai*): മരുന്നു വരുത്തേണ്ടതു മതല മെഡിക്കൽ ബോർഡ്കാക്കു പൊതുവേയുള്ളതാണോ, അതല്ല അതിലെ ഏതെങ്കിലും ഒരംഗത്തിനു മാത്രമുള്ളതാണോ?

MR. V. J. OOMMEN (*Commerce and Industry, North*): മെഡിക്കൽ ബോർഡിനു പൊതുവെയുള്ള ചുമതലയാണെന്നാണ് എന്റെ അറിവു.

തിരുവിതാംകൂർ ഉദ്യോഗസ്ഥലോകത്തെപ്പറ്റി കൈക്കൂലി, വശ്യീയപക്ഷപാതം മുതലായ പല ഗൌരവാവഹങ്ങളായ ആക്ഷേപങ്ങളും കേട്ടു തുടങ്ങിയിട്ടു വളരെക്കാലമായല്ലൊ. ഇതിനുള്ള പ്രധാനകാരണം ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തിൽ യാതൊരു താരതമ്യവും ക്രമീകരണവും ഇല്ലാത്തതും താഴ്ന്ന തരം ജീവനക്കാരുടെ ശമ്പളം അവരുടെ നിത്യവൃത്തിക്കുപോലും മതിയാകാത്തതുമാണ്. ഉദ്യോഗസ്ഥമണ്ഡലത്തിലെ ഈ ഭീമമായ അസമത്വം എത്രയും വേഗത്തിൽ പരിഹരിക്കേണ്ടതു കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിനും പബ്ലിക്ക് സർവ്വീസിന്റെ പ്രാവനതക്കും അത്യാവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

ഈ നാട്ടിലെ ജനങ്ങളുടെ പ്രധാന തൊഴിലുകൾ കൃഷിയും കച്ചവടവും വ്യവസായവും ആണെല്ലൊ. ഇവയെ നല്ല സ്ഥിതിയിൽ ആക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി ഇവിടെ ഒരു കൃഷി ഡിപ്പാർട്ടുമെൻറും ഒരു വ്യവസായ ഡിപ്പാർട്ടുമെൻറും ഉണ്ടെങ്കിലും ആ ഡിപ്പാർട്ടുമെൻറുകളുടെ ശരിയായ കൃത്യനിർവ്വഹണത്തിന് പര്യാപ്തമായ വിധത്തിലുള്ള പ്രോത്സാഹനങ്ങൾ ഗവണ്മെൻറ് നൽകിവരുന്നില്ല. ഇപ്പോഴും ഈ ഡിപ്പാർട്ടുമെൻറുകൾ രണ്ടും മൈനർ ഡിപ്പാർട്ടുമെൻറുകളായിട്ടാണ് ഗവണ്മെൻറ് ഗണിച്ചു വരുന്നത്. ഈനിലയിൽ നിന്നും പ്രസ്തുത ഡിപ്പാർട്ടുമെൻറുകളെ ഉയർത്താത്തകാലം വരെ ഗവണ്മെൻറുദ്ദേശിക്കുന്ന യാതൊരു പ്രയോജനങ്ങളും ആ ഡിപ്പാർട്ടുമെൻറുകൾകൊണ്ടു ജനങ്ങൾക്കുണ്ടാകുന്നതല്ല.

ഇനിയും ഈ നിയമനിർമ്മാണസഭയെക്കുറിച്ചു രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. പൊതുജനഹിതമറിഞ്ഞു ഭരണശകടത്തെ നിയന്ത്രിക്കണമെന്നുള്ള സദുദ്ദേശത്തെ മുൻനിറുത്തി നടത്തിവരുന്ന ഈ സഭയുടെ യാതൊരു നിർദ്ദേശങ്ങളേയും ഗവണ്മെൻറ് ശരിയായ വിധത്തിൽ പരിഗണിച്ചു വരുന്നില്ല. കൌൺസിലിൽ പാസ്സായിട്ടുള്ള പല പ്രമേയങ്ങളേയും ഉപക്ഷേപങ്ങളേയും ത്യാജ്യകോടിയിൽ തള്ളിയിരിക്കുകയാണ്. ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും പല പ്പോഴും തൃപ്തികരമായ മറുപടികൾ നൽകുകയില്ലെന്നു മാത്രമല്ല പല ചോദ്യങ്ങളേയും നിർദ്ദോഷം ഉപേക്ഷിച്ചുകളയുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തെ അന്യായമായി നിയന്ത്രിക്കുന്ന വർത്തമാനപത്രറഗുലേഷനും ഈ രാജ്യത്തിന് ഒരു കളങ്കമായ തന്നെയാണ്. ഈ മാതിരി പൊതുജനോപദ്രവകരങ്ങളായ നിയമങ്ങളെ നിർമ്മൂലമാക്കാനായുള്ള ഈ സഭയുടെ പരിശ്രമങ്ങളെ ഗവണ്മെൻറ് തുണസമാനം പരിഗണിച്ചുകൊണ്ടതന്നെ വരുന്നു. ഈ വക ന്യൂനതകളും പെരുമാറ്റങ്ങളും എല്ലാം സേച്ഛാപ്രഭുത്വത്തെ പ്രണയിക്കുന്ന ഒരു ഗവണ്മെൻറിനാലല്ലാതെ തിരുവിതാംകൂർപോലെയുള്ള ഒരു പരിഷ്കൃത രാജ്യത്തെ ഗവണ്മെൻറിന് ഒരു കാലത്തും ഒരു കാരണവശാലും യോജിച്ചതല്ല. ഗവണ്മെൻറിന്റെ ഭരണവിഷയത്തിൽ ഉള്ളതും ഉണ്ടാകാവുന്നതുമായ ഈ വക ന്യൂനതകളുടേയും വൈകല്യങ്ങളുടേയും ഏക പരിഹാരമാർഗ്ഗം പൊതുജനങ്ങൾക്ക് ശരിയായ പ്രാതിനിധ്യം ഉണ്ടാകത്തക്കവിധത്തിൽ സംഘടിതമാകുന്ന ഒരു നിയമസഭയോടു പൂർണ്ണമായി ഉത്തരവാദപ്പെട്ട ഒരു ഭരണം ഏർപ്പെടുത്തുകയാകുന്നു. ഈ വിഷയത്തിൽ പതിയ

LIBRARY ARCHIVES Kerala Legislative Assembly

ദിവാൻജി അവർകളുടെ അനുഭാവപൂർവമായ ശ്രദ്ധ കാലതാമസം കൂടാതെ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു.

MR. K. C. KARUNAKARAN (*Nominated*): Sir, I was listening very carefully to the speech of the Financial Secretary with which he introduced the preliminary Budget for 1105. After studying the Budget very carefully, I came to two inferences from it. The first was a determination on the part of the Government to move along the old track; and the second was their determination to disregard the suggestion, which has been offered from this side of the House in preparing the Financial Statement. Last year, this side of the House was unanimous in condemning the policy of Government with regard to the filing of surpluses year after year, when we could use the extra funds available for the economic development of the State.

Another criticism that I have to make with regard to this year's Budget is, the inaccuracies with regard to forecasting and estimating. The Financial Secretary may think that forecasting is an easy thing and also that the estimating is very simple. If he thought so and if he has forecasted and estimated the Budget for the next year on that basis, he is quite mistaken. Sir, forecasting is not a simple thing and also estimating is not so simple a thing as he thinks. Of course, allowances are always made for inaccuracies that occur in estimations and also in forecasting. But the inaccuracies that I have come across in the Financial Secretary's forecasting and estimating I don't think for a moment any sound financier will tolerate at all. Those inaccuracies are alarming. To substantiate my statement, I would draw attention to the estimate under Revenue, and the expenditure for 1104. There is a difference of about 9 lakhs of rupees between the estimated and expected revenue for 1104, leaving a difference of about 15 lakhs between the estimated and expected surplus. I do not know what the figures will be at the end of the year. Then again the Budget of 1105 shows a surplus of about 3 lakhs of rupees. I am sure it is the traditional policy of the Financial Secretary of the State just to show about 1/5 of the actual surplus to the House. Last year he showed a surplus of about 4 lakhs of rupees and at the end of the year, the expected surplus isabout 20 lakhs. On this basis, this year also the surplus will be about 15 lakhs of rupees. I do not know why the Government or the Financial Secretary tries to hide the real actual surplus from the Council. The only inference this House can make is, that the Financial Secretary is afraid that if he shows the actual surplus, the House will cry for setting apart more funds for the development departments of the State. That is one thing that we can infer from this procedure.

I also wish to refer to another point. Nowhere in this Budget could I see any original scheme proposed and funds provided for nor any items of expenditure increased for the coming year to meet the growing needs of the people. Last time, Sir, this House convinced the Government of the necessity for conducting an economic survey of the State. I hope the House realises the difficulty which the mover and

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. C. Karunakaran.]

the seconders of the resolution had in convincing the Government that there is no material difference between the words 'in' and 'of'. And with the exception of a single individual, who remained neutral, we all voted for the resolution. The Financial Secretary did not have the courtesy even to write a single word in his speech about the reasons for not providing funds for this all important economic survey of the State.

Another thing that I wish to mention is that this Council passed without even a member opposing, a resolution regarding the establishment of a Land Mortgage Bank, for which measure members like Mr. Tariatu Kunjitomman were crying for years and years both in this House and in the Sri Mulam Popular Assembly. The Financial Secretary had not a word to say about this also in his speech. This is not the way to prepare the financial speech or the financial statement for the consideration of the House. The Financial Secretary should have explained why he was not able to provide funds for these popular demands.

Passing on to the other subjects, I should draw the attention of this House to some of the outstanding problems with regard to our economic condition of the State. Sir, I was crying last year, and that cry was unanimous, for the amalgamation of all the development departments under one head.

Even during the last Budget Session, I drew the pointed attention of the Government for bringing together all the development departments under one head by drawing instances from the European countries and the different parts of India. In this direction our Government have not done anything, and I do not know whether this reasonable plea of mine will ever be considered by the Government. I do not want to repeat the arguments which were satisfactorily dealt with during the last Budget session in connection with the amalgamation of the development departments under one head.

Now, I pass on to the industrial policy of the State. My friends were criticising that our Government have no financial policy. I am not going to say anything about that. What I am going to assert is that the Travancore Government have no industrial policy before them. Sir, I hear everywhere that the Industrial Department is very busy in establishing many industries such as handloom spinning, and weaving throughout the country. In British India also there is a cry for encouraging these industries. This is altogether a debatable point. I believe, and believe firmly, that the industrial salvation of this country lies in the encouragement by the Government of the localisation of industries. In this country, we have more than twenty industries which are peculiar to each locality. I want our Government to trace out an industrial policy for encouraging traditional industries which are confined to the different localities of this State. If we go to South Travancore, we find there is cotton weaving industry. Let the Government encourage that. When we come to Trivandrum, there is the wonderful ivory carving and why not Government try to encourage that? When we go to Varkalai,

LIBRARY ARCHIVES Kerala Legislative Assembly

there is the splendid rattan works and why not Government encourage that? It is these rattan works that adorn the bangalows of British Indian people. Then when we go to Aranmula and Vazhapalli, we have the bell metal industry. Why not Government develop this? Again when we go to Central Travancore, there is abundant facility for developing screwpine indutry. Again when we go to Alwaye, there is Bamboo industry. Some of my friends on this side of the House say, that there are no possibilities for developing these industries here. What I ask is, why not our Government develop these industries? The Industrial Department has no definite industrial policy to pursue. Why not Government attempt to trace out an industrial policy in the State? If we do not develop the material resources available in our country on certain rigid principles, our Government cannot get enough revenue and consequently there is no necessity for a Financial Secretary and there ends the matter. Government must lay down a definite industrial policy to be pursued hereafter, and I think the localisation of the industries must form the basis on which the Government should proceed.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does not the industrial policy require a change in the financial policy?

MR. K. C. KARUNAKARAN (*Nominated*): Yes. Along with that, Sir, some of my friends were suggesting that if we develop these local industries, where is the market for them? A study of the history of trade will show that if a man is prepared to find out markets, he can find out markets for anything. Here also, a necessity for the establishment of another institution comes. In my last Budget speech, I clearly pointed out to the Government the necessity for establishing some kind of trade bureau. The primary object of the establishment of this bureau is not in fact to collect the addresses of foreign buyers and sellers. We want a trade bureau, which would supply us with raw materials which would help us to find out foreign markets for each thing. We want a permanent institution for forecasting our crops, for collecting statistics; an institution which would publish the statistics so collected relating to agriculture, commerce and industries; and an agency giving us information regarding fluctuations in money, about workers and their wages, etc. We want the publication of a Gazette as is done by the Bombay Government or just like the Labour Gazette published by the Ministry of Labour in London. Without these things, we cannot go on for foreign contracts. We cannot do anything practical in business. Our chief difficulty lies in developing the raw materials. We must find a solution for that.

I do not know how far it is reliable, I read in Newspapers that the establishment of a trade bureau is under the consideration of Government and the Excise Commissioner wants this bureau to be kept under him. I do not know for what purpose. On another occasion, I read in Newspapers that the Director of Industries has recommended that this most important trade bureau should be under the control of the Headmaster of the Alleppey Commercial School, an institution about which I will say more when the motion comes.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. C. Karunakaran.]

Sir, I would suggest that the Economic Development Board should be made a permanent institution. After making this a permanent institution, this trade bureau should be entrusted to the care of the Economic Development Board. They should be entrusted with the forecasting of crops, collection of statistics and the publication of monthly trade situations in regard to commerce, industry and agriculture and workers and their wages. That will avoid very many complications which exist between the employer and the employee to-day.

Now, I pass on to the factory industries. This is also a debatable point, and there is a difference of opinion. I am sure that the Travancoreans do not wish to go back either to the 13th or the 14th century. We want to move with the times. What I say is, the factory industries must be encouraged.

Some members on this side of the House say that it is enough if the Government encourage cottage industries. What I say is, that the Government, while encouraging cottage industries, must also give their attention to the development of factory industries. Government can help the factory people in a variety of ways. On looking through the Budget for 1105, I see about 51 lakhs of rupees have been invested in the Government of India Paper and other securities, which only bear an average interest of 3¼ percent. Sir, there are factories here, which are converting raw materials into manufactured articles and these are exported to foreign places. These factories pay from about 12 to 18 per cent interest. So much so, these people have to compete with other established firms on the sea coast which command any amount of money from 2 to 4 per cent. How is it possible to go on competing with these foreigners? Unless Government interfere and see in what all ways factory industries could be encouraged, there is no salvation for these factory industries. I know there are factory owners in our country who are willing to take loans for the conduct of their business. Why not the Government give loans, provided they give a security for fifty thousand rupees, for a loan to the extent of twenty thousand rupees? These are some constructive suggestions of mine for the Government's consideration.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know the time fixed for the Official members' reply.

PRESIDENT: My idea is to allow the general discussion on the Budget by non-official members till 4-30.

MR. V. CHELLAM PILLAI (*Tovala*); Sir, the ultimate aim of every enlightened Government is the well-being of its subjects. Travancore is an agricultural country and as such it should be the object of the Government to help the agriculturists in all possible ways. More than one-third of the land is under paddy cultivation. Therefore it should be the object of Government to help these ryots of Nanjanad as far as possible.

Although *Para* and *Edangali* were the standards for grain measure adopted by the Government of Travancore before 1061 M. E., yet *Kotta*, *Marakal* and *Padi* were the prevailing grain measures in Nanjanad in those days. The wooden *Para* measure that was in use in those

LIBRARY ARCHIVES Kerala Legislative Assembly

periods was about 608 cubic inches in capacity. According to that wooden *Para* measure, one Nanjanad *Kotta* (that was being taken into the Government Granaries in Trivandrum) measured only nine *Paras* 3 5/8 *Edangalies*. This can be verified from the *Kaimattam (Kanakku* Accounts kept by the Government.

During the recent Revenue Settlement of 1061 M. E. also, the standard for grain measure adopted by the Government was *Para* and *Edangaly*. This *Para* measure has a capacity of 800 cubic inches. But as before the Nanjanad ryots were measuring out their tax in kind in terms of *Kottas* and *Marakals*. During the recent Settlement half the tax in kind was commuted into money at the rate of six chackrams per *para*. For this purpose the *Kotta* was taken as equivalent to nine *paras* 3 5/8 *edangalies* instead of 7 *paras*. The people of Nanjanad protested strongly against this. But their mouths were shut up in some way or other. On this account the Nanjanad ryots are losing at the rate of 2 1/2 rupees per acre. Under the old Ayacut in Nanjanad there are 30,000 acres. So, the ryots in Nanjanad are losing to the extent of 75,000 rupees per annum.

Now coming to 1081 M. E. the 2nd half of the taxation in kind was ordered to be converted into money at the rate of 11 chackrams per *para*. At this time also the ryots protested strongly but the Government had only the goodness to enquire into the matter. Instead of relying on the Government accounts and on the Revenue Settlement Royal Proclamations of 1061, they went about collecting the varying *Marakals* found in the Proverti cutcherries in Nanjanad and adopted the smallest of them as the standard and thus fixed that one Nanjanad *Kotta* as equivalent to 8 *para* 6 1/2 *edangalies* instead of 7 *Paras* as I have proved above. Here I observe that is not the correct procedure to fix a standard from the varying measures. Not being satisfied with this kind of procedure one of the ryots went to the extent of filing a suit against the Government. But the suit fell through for want of proper advocacy by the Vakil who was engaged for the purpose. In the year 1085 the Weights and Measures Regulation was passed and the same came into force in 1089. At that time also the ryots protested strongly against this and as a result the prescribed capacity of the *Marakal* was reduced to 8 *Paras* 6 1/2 *Edangalies* instead of 7 *Paras*. The ryots not being satisfied with this are making strong representations in the various Sessions of the Sri Mulam Popular Assembly, but to no effect. The Heads of the Administration in those times realised the mistake but they were not able to correct it. But, now, even after these repeated entreaties made by the ryots of Nanjanad, the Government are not able to rectify the mistake and correct it. This has created a strong outburst in several parts of Nanjanad just like the roar of a volcano and I do not know when it tends to burst out. If the Government are not willing to correct the mistake and forego an amount amounting to something like a lakh and a half I can say I do not know what to say about that, I am a lay man. I ask my lawyer friends on this side of the

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Chellam Pillai.]

House whether it will amount to a high-way robbery or a daylight dacoity. Therefore, I have to sound a note of warning that this attitude of the Government should be changed in the near future, so that it may not give trouble to the people as well as to the Government.

Then coming to the Excise policy, I have to say something about the salt industry. Every year we are importing something like six lakhs of maunds of salt into Travancore. Under the old monopoly system, we have got Puthallum providing one lakh, the old allom providing two lakhs, Colachal allom 4 lakhs, Rajakamangalam 4 lakhs. At the present moment what we are getting from these factories is only something like 6 or 7 lakhs. So, we have lost 4 lakhs of maunds of salt from these factories. This is due to want of brine supply to these alloms and the Government also observe that the most serious problem which continues to confront the licensees and the department is the supply of a sufficient quantity of brine. This accounts for the variations in the outturn in the several factories. A few factories depend entirely on pit brine for irrigating the pans. The question of improving the brine supply has already engaged the attention of the Government and proposals to stimulate the industry are awaited from the Chief Engineer and the Excise Commissioner. The quantity of home salt in stock, in factories, in depots and bankshalls at the beginning of the year was 671·756 maunds. This we can find in various reports of the Government. This has been the case for the last 15 years or so. What could the Government gain from this four lakhs The selling price of salt is 13 annas per maund. Deducting the duty that may be got by Government the price is 10 annas per maund. Deducting 2½ annas that is to be given to the licensees, there is a balance of 7½ annas. Out of this we can allot 3 annas for transport. So the remainder is 4 annas, which is the net gain to the Government; and we are losers by 4 lakhs of maunds every year for the last 15 years. So the average loss is a lakh of rupees to the Government for the last 15 years. The very same thing will apply to the licensees in these factories and also the labourers of that locality. In these days of unemployment if a portion of the amount of surplus that is in the coffers of the State is utilised for the brine supply to these alloms, I think the profit that we can make would be much. But I have one consideration nowadays. The present Excise Commissioner is evincing some interest in the matter of brine supply. That is a great consolation; and I hope within a few years the brine supply question in South Travancore will be a tale of the past. But, any how, this question is not of recent years. Even in 1071 one Executive Engineer Mr. Laud sent a proposal to Government for a reservoir which will be unaffected by pure water. So this problem has been engaging the attention of Government for the last 30 years and more. So, I have to bring to the notice of the Government that this problem should be dealt with at an early date.

Then coming to the Co-operative Department, I have only a few words to say. The department has made rapid progress and the number of societies on the roll is 1,700 and odd. The amount that is being

LIBRARY ARCHIVES Kerala Legislative Assembly

spent on this head is too low when compared with that obtaining in other places. That is what we find in the Madras Report for 1927-28.

As regards the expenditure in Madras when the total number of Primary Societies in existence was 1,758, the staff of the department consisted of one Registrar in the Provincial Service cadre, six Assistant Registrars who were selected from Deputy Collectors and 16 Inspectors. This staff was responsible both for supervision and audit. With the growth of the Societies there was a steady increase annually in the number of Assistant Registrars till 1918-19, when there were 11 of these officials with 85 Inspectors to deal with 3,547 societies.

This is the state of affairs which obtains in Madras, whereas we have a similar number of societies with only one Registrar and twenty Inspectors. From this we can more or less guess what will be the working of these societies and the nature of the work that could be turned out by these Inspectors. I for one would say with some definiteness that the Co-operative Societies that have been registered and are situated in Nanjanad have begun to go down step by step. Out of the 45 or 52 societies I can only mention 5 that are in good working order, the reason being that there are not enough of hands to supervise and give timely advice to these societies. If this state of affairs is to be continued, I think, I can foresee a day when all these societies will have to be struck off the roll.

The following Statement shows the expenditure incurred by several Provinces in India.

	Total No. of members of Co-operative Societies.	Total Government expenditure.	Government expenditure per member.
		Rs. Lakhs.	Rs. as. p.
Madras ...	830,522	7·35	0 14 2
Bengal ...	546,000	5·45	1 0 0
Bombay ...	482,730	5·00	1 0 7
Punjab ...	505,122	8·77	1 11 9
Central Provinces ...	140,644	1·97	1 6 5
United Provinces ...	164,000	1·36	0 13 3

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Chellam Pillai.]

Whereas in Mysore it is Re 1—2 as, in Cochin 13 annas, but in Travancore it is only 4 as-5 ps. per head. It is not necessary for me to say here that it is one of the most useful departments in the Travancore State. The agricultural population is mostly helped now-a-days by this institution and we are only spending four annas five pies per head. Therefore I say in the interests of the agriculturists that a bigger amount should be allotted for this purpose. I think the Co-operative Registrar had asked for more hands and more money, and I think it has been under consideration of Government for the last three or four years. I hope that the present Government will give more attention to such a useful work and thereby alleviate the impending calamity.

PRESIDENT: I think the House should give an opportunity to the official members to say something in reply to the discussion that has taken place during these two days. I think the House will also agree that members on the other side should have an opportunity to speak in this discussion. If that is the view of the House, then I would suggest that the discussions on the Budget on this side of the House will stop now; and the official members, such of them as want to speak, may be allowed to reply.

Are there many on this side who like to speak?

MR. REVATI NAL RAMA VARMA RAJA (*Edavagai*): We should like to hear the Government side.

MR. K. P NILAKANTA PILLAI (*Chirayinkil*): There are only 30 minutes. The official members will have to reply.

PRESIDENT: That is what I suggest. If the members on this side are anxious to speak, I am prepared to consider their requests. Do you wish to speak, Mr. Krishna Pillai, and you Mr. Kochutomman?

MR. TAMARAPALLIL KOCHUTOMMAN (*Pattanamthitta*): പത്തു മിനിട്ടു മതി.

PRESIDENT: Ten minutes is, I believe, too long. If you can confine your speech and Mr. Krishna Pillai also, to five minutes, I shall allow you to speak.

MR. V. S. KRISHNA PILLAI (*Tiruvalla*): സർ, ഇക്കൊല്ലത്തെ ബഡ്ജറ്റ് രൂപീകരണത്തിൽ നമ്മുടെ ഫിനാൻഷ്യൽസെക്രട്ടറി പ്രദർശിപ്പിച്ചിട്ടുള്ള നയത്തെ അഭിനന്ദിക്കുന്നതിനോ ആക്ഷേപിക്കുന്നതിനോ അല്ല ഞാൻ ആരംഭിക്കുന്നത്. അനുദ്യോഗസ്ഥ പക്ഷത്തു നിന്നും എന്റെ സ്നേഹിതന്മാർ ബഡ്ജറിനെ ഭംഗിയായിട്ടു വിമർശിച്ചു കഴിഞ്ഞിരിക്കുന്നു. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒരു ജനസമുദായത്തിന്റെ രണ്ടുവിഭാഗങ്ങളാണ് എന്നുള്ള ബോധത്തോടുകൂടിയിരിക്കണമെന്നും രാജ്യത്തിന്റെഗൗരവമാനം രാജ്യത്തിന്റെഅഭിമാനത്തെരക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കത്തക്കവിധത്തിൽമാത്രം കരുതിയിരിക്കണമെന്നും ചിലവു ചെയ്യുന്നതു ആവശ്യത്തിനല്ലാതെ ആഡംബരത്തിനു പാടില്ലെന്നുംഅത്യന്തമായി പ്രസ്താവിച്ചുകൊള്ളുന്നു. വരുമാനം ഒന്നാമതു ഭൂനികുതിയും രണ്ടാമത്തേതു എക്സൈസുമാണ്. എന്റെ ചില സ്നേഹിതന്മാർ വരവു വർദ്ധിപ്പിക്കുന്നതിനുവേണ്ടി നികുതിഭാരം കുറേക്കൂടി ജനങ്ങളിൽ ചുമത്തുന്നതുകൊണ്ടു വിരോധമില്ലെന്നു ഇവിടെ പ്രസ്താപിക്കയുണ്ടായി. ആ അഭിപ്രായത്തോടു ഒരിക്കലും അനുകൂലിക്കാൻ നിവൃത്തിയില്ല. എക്സൈസ് ഡിപ്പാർട്ടുമെൻറുമുഖേന വരുന്ന ആദായം വളരെ ഭീമമാണെങ്കിലും അതു നിചമായമാർഗ്ഗത്തിൽകൂടിയാണ് വരുന്നതെന്നുകൂടി ഓർക്കണം. ചിലവിനങ്ങളിൽ വാദപ്രതിവാദം നടത്താൻ പാടില്ലാത്ത പല അനാവശ്യഇനങ്ങളും ഉണ്ടെങ്കിലും അതിനേപ്പറ്റി ശുഷ്കമായിട്ടു ആലോചിച്ചു ഗവൺമെൻറു പ്രവർത്തിക്കുന്നപക്ഷം നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന സാധുക്കളായ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പല പ്രവൃത്തികളും ചെയ്യാൻ സാധിക്കും. ഫിനാൻഷ്യൽസെക്രട്ടറിയുടെ സാമർത്ഥ്യംകൊണ്ടോ അല്ലെങ്കിൽ മറ്റു വല്ല കാരണത്താലോ അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ സ്ഥിതി നീക്കിയിരിപ്പു കാണുന്നുണ്ടു്. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ ഉപനിഷദ്വാക്യം ഉദ്ധരിച്ചു പ്രസ്താവിച്ചതുപോലെ ഗവൺമെൻറു പ്രവർത്തിക്കുന്നപക്ഷം സാമാന്യജനങ്ങൾക്കു ഇതിൽപരം കൂടുതലായ ഒരുപകാരം ഗവൺമെൻറു ചെയ്യാനില്ല. മറ്റുള്ള വിഷയങ്ങളെപ്പറ്റി കട്ടുമോഷൻ വരുമ്പോൾ പറയാമെന്നുള്ള സമാധാനത്തോടുകൂടി തല്ക്കാലം വിരമിക്കുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamitta*): സർ, കീഴ്നടപ്പിനനുസരിച്ചു കൌൺസിലിന്റെ ആലോചനയ്ക്കായി സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെപ്പറ്റി ഫൈനാൻഷ്യൽ സെക്രട്ടറിയെ അഭിനന്ദിക്കത്തക്കവണ്ണം ഞാൻ ഒന്നും കാണുന്നില്ല. ഫ്രാ ർ-ലെ ബഡ്ജറ്റിൽ നീക്കിയിരിപ്പുകാൺമെന്നു ഗവൺമെൻറുദ്ദേശിച്ചിരുന്നതിൽനിന്നും ഏതാണ്ടു ലക്ഷം രൂപാ കൂടുതൽ നീക്കിയിരിപ്പുള്ളതായിട്ടാണ് കാണുന്നത്. ആണ്ടുതോറും ഗവൺമെൻറുദ്ദേശിക്കുന്നതിലധികം നീക്കിയിരിപ്പു കാണുന്നതു ഓരോആണ്ടിലും അനുവദിക്കപ്പെട്ടിട്ടുള്ള ജോലികൾ അതാതാണ്ടിൽതന്നെ തീർക്കാതെ പണം ലാപ്സാക്കുന്നതുകൊണ്ടാണ്. ഇപ്രകാരം അനുവദിച്ചിട്ടുള്ളവേലകൾക്കു പണം ചിലവിടാതെ ബഡ്ജറ്റിൽ നീക്കിയിരിപ്പു കാണിക്കുന്നതുകൊണ്ടു ജനങ്ങൾക്കു എന്തുപ്രയോജനമാണ് ഉണ്ടാകുന്നതെന്നറിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tamarapallil Kochutómman.]

റോഡുകൾ, പാലങ്ങൾ മുതലായവ പണിയിച്ചു സഞ്ചാരസൌകര്യം ഉണ്ടാക്കിത്തരണമെന്നു ജനങ്ങൾ മുറവിളിക്കൂട്ടുമ്പോൾ, ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ വേലകൾ ചെയ്യിക്കാതെ ആണ്ടവസാനത്തിൽ നീക്കിയിരിപ്പുണ്ടാക്കുന്ന പണം കുറഞ്ഞ പലിശയ്ക്കു ഇൻഡ്യാ ഗവണ്മെൻറിന്റെ പ്രോനോട്ടിന്മേലും മറ്റും നിക്ഷേപിക്കുന്നതിനു ചിലവിട്ടുന്ന സാധുക്കളായ കൃഷിക്കാർ എല്ലുമുറിയെ വേലചെയ്തുണ്ടാക്കുന്ന പണം കുറഞ്ഞ പലിശയ്ക്കു അന്യരാജ്യക്കാർക്കു കൊടുക്കുന്നതു അന്യരാജ്യക്കാരുടെ അഭിനന്ദനത്തിനല്ലെങ്കിൽപിന്നെ എന്തിനാണ്.

മലയാളസ്കൂൾ അദ്ധ്യാപകന്മാർക്കു വൃദ്ധികൊണ്ടിൽവച്ചു ശമ്പളക്കൂട്ടുതൽ കൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള പണം ലാപ്സാക്കുകയും അടുത്ത ആണ്ടത്തെ വരവിൽനിന്നും മറ്റുപലയിനങ്ങൾക്കു ചിലവിടേണ്ട പണത്തിൽ ആവകയ്ക്കു പണം ചിലവാക്കാൻ നിശ്ചയിച്ചിരിക്കയും വി. എം. സ്കൂളുകളിൽ 8-ാം നു-ാം ക്ലാസ്സുകൾക്കു വർദ്ധിപ്പിച്ചിട്ടുള്ള പീസ്സ് ഈടാക്കുകയും ചെയ്തിരിക്കുന്നു. ഇതിനെ എങ്ങിനെ നീതീകരിക്കുന്നു എന്നു മനസ്സിലാകുന്നില്ല.

കുടികൾ വെട്ടിച്ചിട്ടുള്ള റോഡിൽ ഫസ്റ്റ് മൈൽ റോഡ് ഫാമിലിയിൽ ഗവണ്മെൻറു ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഫസ്റ്റിൽ ഒറ്റ മൈൽപോലും ഏറ്റെടുത്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പത്തനംതിട്ട, തിരുവല്ലാ ഈ താലൂക്കുകളിൽ അനേകം റോഡുകൾ ജനങ്ങൾ വെട്ടിച്ചിട്ടുണ്ട്. ഈ റോഡുകളെ ഗവണ്മെൻറു ഏറ്റെടുത്തു സംരക്ഷിക്കാതിരിക്കുന്നതുകൊണ്ട് ജനങ്ങൾ റോഡുണ്ടാക്കുന്ന കാര്യത്തിൽ ഭഗ്നോത്സാഹന്മാരായിരിക്കയാണ്.

ഉൾനാടുകളിൽ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറനുവദിക്കുന്ന പണം യഥാവസരം ചിലവാക്കുന്നില്ല. രാജ്യത്തു പൊതുവേ ധനസ്ഥിതി നന്നാക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്ന് ഉൾനാടുകളിൽ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കയാകുന്നു. ഇതിനെപ്പറ്റി ഗവണ്മെൻറു ഗാഢമായി ആലോചിക്കേണ്ടതാണ്.

ഭൂനികുതിയിലും മറ്റു ഇനങ്ങളിലുമായി ഗവണ്മെൻറു ആണ്ടുതോറും മുതലെടുപ്പു വർദ്ധിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. മദ്ധ്യോത്തരതിരുവിതാംകൂറിൽ ആണ്ടുതോറുമുണ്ടാകുന്ന വർഷാധിക്യത്താൽ നേരിടുന്ന കൃഷിനഷ്ടത്തെ പരിഹരിക്കുന്നതിനു എന്തെങ്കിലും ഒരു പദ്ധതി ഗവണ്മെൻറു ഇതേവരെ ആലോചിച്ചിട്ടുള്ളതായി അറിയുന്നില്ല. വർഷകാലത്തുണ്ടാകുന്ന വെള്ളം കൃഷിക്കു നാശം ചെയ്യാതെ ഒഴിഞ്ഞുപോകു

LIBRARY ARCHIVES Kerala Legislative Assembly

ത്തക്കവിധത്തിൽ പുറക്കാട്ട ഒരു അഴിത്തുറമ്പ മല്ലുതിരുവിതാംകൂറിലെ കൃഷിക്കാരെ സംരക്ഷിക്കേണ്ടതാണ്.

കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പല മാതൃകാതോട്ടങ്ങളും ധാരാളം പണം ചിലവുചെയ്തു നടത്തുന്നുണ്ടെങ്കിലും ജനങ്ങളും അതനുസരിച്ചു കൃഷികളും നടത്തുന്നതിനു അവരുടെ കോശസ്ഥിതി അനുവദിക്കുന്നില്ല. ജനങ്ങൾ ആദായത്തിനായിട്ടാണ് മാതൃകയ്ക്കായിട്ടല്ലാ കൃഷി ചെയ്യുന്നതു്.

ആണ്ടുതോറും വിദേശങ്ങളിൽനിന്നുമുള്ള നെല്ല്, അരി ഇവകളുടെ ഇറക്കുമതി വർദ്ധിച്ചുവരുന്നു. ഏതാണ്ടു നാലു കോടി രൂപായ്ക്കു നെല്ലും, അരിയും, രാജ്യത്തു ഇറക്കുമതി ചെയ്തിട്ടുള്ളതായികാണുന്നു. ഇതിനെപ്പറ്റി കൃഷിഡയറക്ടർ പറയുന്ന സമാധാനം ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടാണെന്നാണ്. നെല്ല്, അരി ഇവകളുടെ ഇറക്കുമതി വർദ്ധിക്കുന്നതിനു ഇതുമാത്രം ഒരു കാരണമാണെന്നു ഞാൻ വിചാരിക്കുന്നില്ല. രാജ്യത്തു തുടരെത്തുടരെ ഉണ്ടാകുന്ന കൃഷിപ്പിഴയാണ് ഇറക്കുമതി വർദ്ധിക്കാനുള്ള പ്രധാന കാരണം എന്നേ ഞാൻ വിചാരിക്കുന്നൊള്ളു. ഓരോ സ്ഥലങ്ങളിലും കൃഷിപ്പിഴയുണ്ടാകുന്ന കാരണങ്ങളെ പരിശോധിച്ചു ഇന്നവിധം പരിഹരിക്കണമെന്നു കൃഷിക്കാരെ ഉപദേശിച്ചു കൊടുക്കേണ്ടതാണ്.

